മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*151 )

## പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ക്വാളിറ്റി കൺട്രോൾ

1 (*151) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരിക-മാനസിക-സാമൂഹ്യ വെല്ലുവിളികൾ നേരിടുന്ന രോഗികളുടെയും കുടുംബാംഗങ്ങളുടെയും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്ന ഒരു സമഗ്ര സമീപനമായാണ് പാലിയേറ്റീവ് കെയറിനെ ലോകാരോഗ്യ സംഘടന നിർവചിച്ചതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്ത്യയിൽ ആദ്യമായി പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണോ എന്നറിയിക്കുമോ; പാലിയേറ്റീവ് പരിചരണം ശാസ്ത്രീയമാക്കാനായി പ്രത്യേക കർമ്മപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രിയപ്പെട്ടവരുടെ മരണത്തെത്തുടർന്ന് ഉടലെടുക്കുന്ന വിയോഗാനുഭവവും വ്യഥയും ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ ‘ ബെറീവ്മെന്റ് കമ്പാനിയൻഷിപ്പ് പ്രോഗ്രാം’ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി)) പാലിയേറ്റീവ് കെയർ സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; രജിസ്റ്റർ ചെയ്യുന്ന പാലിയേറ്റീവ് പരിചരണ യൂണിറ്റുകൾക്കുവേണ്ടി ക്വാളിറ്റി കൺട്രോൾ സംവിധാനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ പാലിയേറ്റീവ് കെയർ രംഗത്തെ പ്രവർത്തനങ്ങൾ സവിശേഷമാണെന്ന് ലോകാരോഗ്യ സംഘടന വിശേഷിപ്പിച്ചിട്ടുണ്ട്. 2023-ൽ ലോകാരോഗ്യ സംഘടന ദക്ഷിണപൂർവ്വേഷ്യൻ റീജിയണൽ വർക്ക്ഷോപ്പിനെ ആസ്പദമാക്കി പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പാലിയേറ്റീവ് പരിചരണ രംഗത്ത് കേരളം വിജയകരമായ മാതൃകയാണെന്ന്

പ്രസ്താവിച്ചിട്ടുണ്ട്. ദീർഘകാല രോഗങ്ങൾമൂലം ശാരീരികവും മാനസികവും സാമൂഹികവുമായ പ്രയാസങ്ങൾ അനുഭവിക്കുന്ന രോഗികളുടെയും കുടുംബാംഗങ്ങളുടെയും സമഗ്ര പരിചരണ സംവിധാനമായിട്ടാണ് കേരളത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നത്. സമഗ്ര പരിചരണം ഉറപ്പാക്കുന്നതിനാണ് രോഗികളെ അവരുടെ വീടുകളിൽചെന്ന് പരിചരിക്കുന്ന " ഹോം കെയർ സംവിധാനം" ഏർപ്പെടുത്തിയിട്ടുള്ളത്. സർക്കാർതലത്തിൽ 1142 പ്രൈമറി ഹോം കെയർ യൂണിറ്റുകളും 231 സെക്കൻഡറി ഹോം കെയർ യൂണിറ്റുകളും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ 500-ൽ അധികം ഹോം കെയർ യൂണിറ്റുകളും കേരളത്തിൽ പ്രവർത്തിക്കുന്നു. വിവിധ ഹോം കെയർ യൂണിറ്റുകൾവഴി ഒരുസമയത്ത് രണ്ടരലക്ഷത്തോളം രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിത നിലവാരം ഉയർത്തുന്ന വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഇന്ത്യയിൽ ആദ്യമായി പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണ്. 2008-ലാണ് കേരളം പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചത്. 2019-ൽ പുതുക്കിയ പാലിയേറ്റീവ് പരിചരണ നയം

പ്രഖ്യാപിച്ചു. സാന്ത്വനപരിചരണ മേഖലയിലെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് വിശദമായ ഒരു കർമ്മപദ്ധതി വിദഗ്ധരെ ഉൾപ്പെടുത്തി ചർച്ച ചെയ്ത് രൂപീകരിച്ച് 2023 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഈ കർമ്മ പദ്ധതിക്കനുസൃതമായിട്ടാണ് നിലവിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവിധ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കൽ, മെഡിക്കൽ കോളേജുകളിലും ക്യാൻസർ സെന്ററുകളിലും പാലിയേറ്റീവ് വിഭാഗം ആരംഭിക്കൽ, ആയുഷ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, സന്നദ്ധ പ്രവർത്തകർക്കും ആരോഗ്യപ്രവർത്തകർക്കും വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾ, രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു.

(സി) രോഗികളുടെ മരണശേഷവും ഹോം കെയർ ടീമും ടീമംഗങ്ങളായ ആശാപ്രവർത്തകരും സന്നദ്ധപ്രവർത്തകരും രോഗികളുടെ വീടുകൾ സന്ദർശിച്ച്

കുടുംബാംഗങ്ങളുടെ പ്രയാസങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്നുണ്ട്. പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരെ പ്രാഥമികാരോഗ്യ സംവിധാനങ്ങൾ, കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം സന്നദ്ധ സംഘടനകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി പിന്തുണ ലഭ്യമാക്കിവരുന്നു.

(ഡി) 2023 ജൂലൈയിൽ പുറത്തിറക്കിയ പാലിയേറ്റീവ് കെയർ കർമ്മ പദ്ധതിയിൽ വീടുകളിൽ മെഡിക്കൽ, നഴ്സിംഗ് പരിചരണം നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാനതലത്തിലും മാനസിക, സാമൂഹ്യ പിന്തുണ ലഭ്യമാക്കുന്ന സംഘടനകൾക്ക് തദ്ദേശ സ്ഥാപനതലത്തിലും രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും നിലവിൽ പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ വിളിച്ചുചേർത്ത് മാനദണ്ഡങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള പരിശീലനം നൽകി രജിസ്ട്രേഷൻ നടപടികൾ ആറുമാസംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. രജിസ്ട്രേഷൻ ലഭിക്കുന്ന സന്നദ്ധ സംഘടനകളെക്കൂടി ഉൾപ്പെടുത്തി തദ്ദേശസ്ഥാപനതലത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കും. ഇപ്പോൾ സർക്കാർ പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ നടപ്പാക്കിവരുന്ന ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം പുതുതായി രജിസ്ട്രേഷൻ ലഭിക്കുന്ന സന്നദ്ധ സംഘടനാ യൂണിറ്റുകളിലും നടപ്പാക്കും.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, കേരളത്തിലുടനീളം പാലിയേറ്റീവ് കെയർ രോഗികൾക്ക് ആശ്വാസമേകുന്ന രീതിയിൽ മാനസികവും സാമ്പത്തികവും ചികിത്സാപരവുമായ പിന്തുണ നൽകിവരുന്ന നിരവധി പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങൾക്ക് സഹായങ്ങൾ നൽകുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്:</u> സർ, കേരളത്തിന്റെ മാതൃക സാമൂഹ്യാധിഷ്ഠിത സാന്ത്വന പരിചരണമാണ്. ഞാൻ ഇവിടെ ഉത്തരത്തിൽ പറഞ്ഞതുപോലെ, സർക്കാർതലത്തിൽ പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റുകളും സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, സംസ്ഥാനത്തുടനീളം വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അഞ്ഞൂറോളം സന്നദ്ധ സംഘടനകളാണ് നഴ്സിംഗ് കെയർ വീടുകളിൽച്ചെന്ന്

നടത്തുന്നത്. ഈ കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ ഇത്തരം സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംഘടനകളെ രജിസ്റ്റർ ചെയ്തുകൊണ്ട് ആരോഗ്യ പ്രവർത്തകർക്കാവശ്യമായിട്ടുള്ള പരിശീലനം നൽകുന്നതിന് തീരുമാനമെടുക്കുകയും അതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മാനസികാരോഗ്യ പിന്തുണ നൽകുന്ന ധാരാളം സന്നദ്ധ സംഘടനകളുമുണ്ട്. അവ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഈ സംഘടനകൾക്കാവശ്യമായുള്ള പരിശീലനം, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ എന്നിവ സംസ്ഥാന സർക്കാരും ആരോഗ്യ വകുപ്പും നൽകിവരുന്നുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, സംസ്ഥാനത്തെ എല്ലാ കിടപ്പുരോഗികൾക്കും കൃത്യമായ ഇടവേളകളിൽ സാന്ത്വന പരിചരണ പ്രവർത്തകരുടെ സേവനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി വീണാ ജോർജ്: സർ, സംസ്ഥാനത്ത് ഒരു 'പാലിയേറ്റീവ് കെയർ ഗ്രിഡ്' രൂപീകരിക്കുന്നതിനാണ് ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. 2023-ൽ ആരോഗ്യ വകുപ്പ് പുറത്തിറക്കിയ പാലിയേറ്റീവ് കെയർ കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ കിടപ്പുരോഗികൾക്കും സാന്ത്വനപരിചരണം ആവശ്യമുള്ളവർക്കും അതുറപ്പാക്കുന്നതിന് സർക്കാർ സംവിധാനങ്ങളെയും സർക്കാർതലത്തിലുള്ള പാലിയേറ്റീവ് കെയർ യൂണിറ്റുകളെയും സന്നദ്ധപ്രവർത്തകരെയും കൂട്ടിയിണക്കിക്കൊണ്ടുള്ള സംവിധാനമാണ് ആലോചിച്ചിട്ടുള്ളത്. 2025 ഡിസംബറിന് മുമ്പുതന്നെ പൂർണ്ണമായും അത് നടപ്പാക്കാൻ കഴിയും. പ്രാഥമികതലത്തിലുള്ള പാലിയേറ്റീവ് കെയർ യൂണിറ്റിൽനിന്നും ഡോക്ടറോ നഴ്സോ മറ്റ് ആരോഗ്യപ്രവർത്തകരോ സന്ദർശിക്കുന്നതും സെക്കൻഡറിതലത്തിലുള്ള ആരോഗ്യ പ്രവർത്തകർ സന്ദർശിക്കുന്നതും സന്നദ്ധപ്രവർത്തകർ അവിടേയ്ക്കെത്തുന്നതും രോഗിയെ സംബന്ധിച്ചിടത്തോളം ആരൊക്കെ, എത്ര ഇടവേളകളിൽ, എന്തൊക്കെ പരിചരണം നൽകി എന്നുള്ളതുംകൂടി മറ്റുള്ളവർക്ക് കാണത്തക്ക രീതിയിൽ ഒരു

കോമൺ പ്ലാറ്റ്ഫോം ഇപ്പോൾ രൂപീകരിക്കുന്നുണ്ട്. പ്രസ്തുത പ്ലാറ്റ്ഫോം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം അവസാനഘട്ടത്തിലാണ്. ഇതുകൂടി സാധ്യമാകുന്നതോടെ 'സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനം' എന്ന ലക്ഷ്യത്തിലേയ്ക്കെത്താൻ നമുക്ക് കഴിയും. ആത്യന്തികമായി സാന്ത്വന പരിചരണം ആവശ്യമുള്ള എല്ലാവർക്കും കൃത്യമായ ഇടവേളകളിൽ ആരോഗ്യപ്രവർത്തകരുടെ സേവനം ഉറപ്പാക്കുന്നുയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ആശാപ്രവർത്തകർ വീടുകളിൽചെന്ന് ശൈലീ ആപ്പ് മുഖേന നടത്തുന്ന ജീവിതശൈലീ രോഗനിർണ്ണയത്തിൽ കണ്ടെത്തുന്ന കിടപ്പിലായവർക്കും വീടുകളിൽനിന്നും പുറത്തിറങ്ങാൻ കഴിയാത്തവർക്കും സമഗ്ര പാലിയേറ്റീവ് പരിചരണം ലഭിക്കുമെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, നവകേരള കർമ്മപദ്ധതി-2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ജിവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായാണ് ശൈലീ ആപ്പ് രൂപീകരിച്ചത്. വീടുവീടാനന്തരം

ആശാപ്രവർത്തകർ സർവെ നടത്തി ജീവിതശൈലീ രോഗങ്ങളുള്ളവരെ കണ്ടെത്തുകയും അതോടൊപ്പം അവർക്കാവശ്യമുള്ള ചികിത്സ ലഭ്യമാകുന്നുയെന്ന് ഉറപ്പാക്കുകയും റിസ്ക് ഫാക്ടേഴ്സ് കണ്ടെത്തിക്കൊണ്ട് രോഗം വരാൻ സാധ്യതയുള്ളവർക്ക് അതിനുള്ള ഹെൽത്ത് അഡ്വൈസ് നൽകി രോഗം വരുന്നില്ലെന്നുള്ളത് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ ആപ്പിൽത്തന്നെ പാലിയേറ്റീവ് കെയർ രോഗികളിൽ എത്രപേർ വീടുകളിൽനിന്നും പുറത്തിറങ്ങാൻ കഴിയാത്തവരുണ്ട്, എത്രപേർ വീടിന്റെ വാതിൽവരെ മാത്രം പരസഹായത്തോടെ നടക്കാൻ കഴിയുന്നവരുണ്ട്, എത്രപേർ പൂർണ്ണമായി കിടപ്പിലായിട്ടുള്ളവരുണ്ട് എന്നതിന്റെ കൃത്യമായ കണക്ക് ശേഖരിച്ചിട്ടുണ്ട്. ഇതൊരു ഗ്യാപ് അനാലിസിസ് കൂടിയാണ്. നിലവിൽ പ്രാഥമിക, പ്രൈമറി പാലിയേറ്റീവ് കെയർതലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 164430 പേർക്കാണ് സാന്ത്വന പരിചരണം ആവശ്യമായിട്ടുള്ളത്. അതിൽനിന്നും വിട്ടുപോയിട്ടുള്ളവരെ കണ്ടെത്തുന്നതിനുള്ള ഒരു ഇടപെടൽകൂടിയാണിത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ,

എല്ലാവർക്കും സാന്ത്വനപരിചരണം ഉറപ്പാക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ശ്രീ. വി. ശശി: സർ, ആയുഷ് മേഖലയെക്കൂടി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ ഉൾച്ചേർക്കുന്നതിനും സർക്കാർ, സ്വകാര്യ സന്നദ്ധ മേഖലകളിൽ നടന്നുവരുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ള ഗുണപരമായ മാറ്റമാണ് തദ്ദേശ സ്ഥാപനതലത്തിൽ, ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ആയുർവേദ ഡോക്ടർമാരും ഹോമിയോ ഡോക്ടർമാരും ഐ.എസ്.എം-ലും ഹോമിയോയിലുമുള്ള ആരോഗ്യപ്രവർത്തകരും സാന്ത്വനപരിചരണം ആവശ്യമുള്ള രോഗികളെ സന്ദർശിക്കുന്ന എന്നുള്ളതുകൂടി ഉറപ്പാക്കി തുടങ്ങിയത്. അത് സംസ്ഥാനത്തുടനീളം പ്രാവർത്തികമാക്കിയിട്ടുണ്ട്. കൂടാതെ, ഐ.എസ്.എം-ന് കീഴിൽ 38-ഉം ഹോമിയോ വകുപ്പിനുകീഴിൽ 34-

ഉം സെക്കൻഡറി കെയർ യൂണിറ്റുകൾ പ്രത്യേകം പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്നുമുണ്ട്. ആയുഷ് മേഖലയിൽ ആയിരക്കണക്കിന് ആളുകൾക്ക് സാന്ത്വന പരിചരണ പരിശീലനവും നൽകിയിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ന്യൂറോ സംബന്ധമായ അസുഖങ്ങൾ കാരണം പൂർണ്ണമായും കിടപ്പിലായ പാലക്കാട് ജില്ലയിലെ ഇരുപത്തിയഞ്ചോളം രോഗികൾ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് കിട്ടാനായി കാത്തിരിക്കുകയാണ്. പക്ഷെ മെഡിക്കൽ ബോർഡിൽ ന്യൂറോ ഉൾപ്പെടുത്താത്തതിന്റെ കാരണംമൂലം ഇതുവരെ അവർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. രണ്ടുവർഷമായിട്ടുള്ള പ്രശ്നമാണിത്. എന്റെ നിയോജകമണ്ഡലത്തിൽ പ്രവാസിയായിരുന്ന അഷ്റഫ് എന്ന വ്യക്തി പൂർണ്ണമായി കിടപ്പിലാണ്. അദ്ദേഹത്തിന് നോർക്കയുടെ ആനുകൂല്യം ലഭ്യമായിട്ടും മെഡിക്കൽ ബോർഡിൽ ന്യൂറോ ഇല്ലാത്തതുകൊണ്ടാണ് സർട്ടിഫിക്കറ്റ് ലഭ്യമാകാത്തത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരത്തെ ഇക്കാര്യത്തിൽ ഇടപെട്ട് ഡി.എം.ഒ.-യോട് ആവശ്യപ്പെട്ടിരുന്നു. ഞാനും

നിരന്തരമായി ഡി.എം.ഒ.-യുമായി ബന്ധപ്പെട്ടിട്ടും ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് പാലക്കാട് ജില്ലയിൽ ന്യൂറോ സംബന്ധമായി പൂർണ്ണമായും കിടപ്പിലായ രോഗികളിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർക്ക് പ്രത്യേകമായി ഒരു സിറ്റിംഗ് നടത്തി ന്യൂറോ ഡോക്ടറെയും ആ മെഡിക്കൽ ബോർഡിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ തയ്യാറാകുമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ബഹുമാന്യനായ അംഗം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രത്യേകിച്ചും ഇവിടെ സൂചിപ്പിച്ച ആ വ്യക്തിയുടെ വിഷയവും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിനനുസരിച്ച് പാലക്കാട് ജില്ലയിൽ ന്യൂറോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിക്കൊണ്ട് മെഡിക്കൽ ബോർഡിൽ രോഗികൾക്കാവശ്യമായിട്ടുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. അതിൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ടുണ്ടായ ചില സാങ്കേതിക തടസ്സങ്ങളുണ്ടായിരുന്നു. ആശുപത്രികളിലേക്കെത്താൻ കഴിയുന്നവർക്ക് പ്രത്യേകമായി ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മെഡിക്കൽ സർട്ടിഫിക്കറ്റ് വിതരണം

ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊതുവിൽ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി പ്രത്യേകമായ സർക്കാർ ഉത്തരവും പുറപ്പെടുവിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, വിവിധ കാരണങ്ങളാൽ വയോജനങ്ങൾ ഒറ്റപ്പെട്ടുപോകുന്ന സാഹചര്യങ്ങൾ നിലവിലുള്ളതിനാൽ അവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി ആരോഗ്യ ഇൻഷ്വറൻസ് പോലുള്ള പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, സമഗ്ര ആരോഗ്യ പരിരക്ഷ എന്നുള്ളതാണ് സർക്കാർ നയം. രാജ്യത്തേറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. 1600 കോടി രൂപയാണ് ഓരോ വർഷവും സംസ്ഥാന സർക്കാർ സൗജന്യ ചികിത്സയ്ക്കായി നൽകുന്നത്. 70 വയസ്സിനുമുകളിലുള്ള എല്ലാവർക്കും ആരോഗ്യ പരിരക്ഷയെന്ന നിലയിൽ കേന്ദ്ര സർക്കാർ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. പക്ഷേ ഇതുസംബന്ധിച്ച് കൃത്യമായ മാനദണ്ഡങ്ങളൊന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടില്ല. സമഗ്ര ആരോഗ്യപരിരക്ഷയിലൂടെ നാൽപത്തിരണ്ടരലക്ഷം കുടുംബങ്ങൾക്കാണ്

സംസ്ഥാന സർക്കാർ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നത്. ജെറിയാട്രിക് കെയറും സാന്ത്വനപരിചരണവും സംസ്ഥാനം വളരെ പ്രാധാന്യത്തോടെ കാണുന്ന വിഷയമാണ്. അടുത്ത സമയത്ത് ഡൽഹി സന്ദർശനവേളയിൽ നീതി ആയോഗുമായി നടന്ന ചർച്ചയിൽ സംസ്ഥാനത്ത് ജെറിയാട്രിക് കെയറുമായും സാന്ത്വനപരിചരണവുമായി ബന്ധപ്പെട്ട് ഐ.സി.എം.ആർ.-ന്റെ ഒരു ഗവേഷണ കേന്ദ്രം കേരളത്തിൽ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കാരണം രാജ്യത്ത് ഏറ്റവുമധികം പ്രായമുള്ള ആളുകൾ/സീനിയർ സിറ്റിസൺസുള്ളതും ആയുർദൈർഘ്യം കൂടുതലുള്ളവരും കേരളത്തിലാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, അങ്ങനെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 60 വയസ്സിന് മുകളിലുള്ളവർക്കും ജെറിയാട്രിക് കെയർ ആവശ്യമുള്ളവർക്കും ഇത് നൽകുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങളാണ് സർക്കാർ ചെയ്തുവരുന്നത്.

ശ്രീ. സനീഷ് കുമാർ ജോസഫ്: സർ, സാന്ത്വനപരിചരണ രംഗത്ത് ഡോക്ടർമാരുടെ സേവനം ആവശ്യത്തിന് ലഭിക്കാത്തതുകൊണ്ട് പലപ്പോഴും അത് കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാറില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്ത ചാലക്കുടി താലൂക്ക് ആശുപത്രിയിലെ

ട്രോമാകെയർ യൂണിറ്റ് ഡോക്ടർ ഇല്ലാത്തതുകൊണ്ട് കാഷ്വാലിറ്റി മാത്രമായി പ്രവർത്തിക്കുന്ന സാഹചര്യമാണുള്ളത്. ദേശീയതലത്തിൽവരെ അംഗീകാരം ലഭിച്ച താലൂക്ക് ആശുപത്രിയിൽ, പ്രത്യേകിച്ച് ദേശീയപാതയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ആശുപത്രി എന്ന നിലയിൽ, അവിടെ ഡോക്ടർമാരില്ലാത്തതുകൊണ്ട് കാഷ്വാലിറ്റിയായി പ്രവർത്തിക്കുന്ന സാഹചര്യമൊഴിവാക്കിക്കൊണ്ട് ട്രോമാകെയർ യൂണിറ്റിന്റെ സേവനം പൂർണ്ണമായും ലഭ്യമാക്കുന്ന രീതിയിൽ പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ചാലക്കുടി ആശുപത്രിയിൽ വളരെ മനോഹരമായി സജ്ജീകരിച്ച ഒരു പുതിയ കെട്ടിടത്തിലാണ് എമർജൻസി സേവനങ്ങൾ ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അധിക തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ അവിടെ ട്രോമാകെയർ സംവിധാനം പ്രവർത്തിക്കുവെന്നുള്ള സമീപനം ശരിയല്ലായെന്നുള്ളത് ഞാൻ ആദ്യമേ തന്നെ പറഞ്ഞിരുന്നു. നിലവിലുള്ള സംവിധാനങ്ങൾ വിവിധ സോണുകളായി തിരിച്ചുകൊണ്ട് എമർജൻസി കെയർ ആവശ്യമുള്ളവർക്ക്

നൽകുന്നതിനുവേണ്ടിയുള്ള സംവിധാനം ഇപ്പോൾ അവിടെ ക്രമീകരിച്ചിട്ടുണ്ട്. അതനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ കഴിയും. എൻ.എച്ച്.-ന്റെ തൊട്ടടുത്തുള്ള ആശുപത്രിയെന്ന നിലയിൽ ചാലക്കുടി താലൂക്കാശുപത്രി ഉൾപ്പെടെയുള്ളവയിൽ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടത് സർക്കാരിന്റെ പരിഗണനയിലാണ്. തീർച്ചയായും അധിക തസ്തിക സൃഷ്ടിക്കുമ്പോൾ അതിൽ ചാലക്കുടിയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു. അതോടൊപ്പം സാന്ത്വന പരിചരണത്തിന് പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ കാര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. ഈ സർക്കാരിന്റെ കാലത്ത് അതിന് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലന പദ്ധതികൂടി ആരംഭിച്ചിട്ടുണ്ട്. സാന്ത്വന പരിചരണരംഗത്ത് ഡോക്ടർമാർക്കും നഴ്സുമാർക്കും ആറാഴ്ചത്തെ പരിശീലനം, കമ്മ്യൂണിറ്റി നഴ്സുമാർക്ക് നാലുമാസത്തെ പരിശീലനം, ഡോക്ടർമാർ, നഴ്സുമാർ എന്നിവർക്ക് പത്തുദിവസത്തെ ഫൗണ്ടേഷൻ കോഴ്സ്, ആരോഗ്യപ്രവർത്തകർക്കും സന്നദ്ധപ്രവർത്തകർക്കും മൂന്നുദിവസത്തെ പരിശീലനം എന്നിവ നൽകുന്നുണ്ട്. ഇതുകൂടാതെ, വീടുകളിലെത്തി നഴ്സിംഗ്

കെയർ നൽകുന്ന ഹോം നഴ്സുമാരുണ്ട്. അതിനുവേണ്ടി 'ഡിപ്ലോമ ഇൻ ഡൊമിസിലിയറി കെയർ നഴ്സിംഗ്' എന്ന പേരിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആറുമാസത്തെ ഒരു കോഴ്സ് ഇപ്പോൾ സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ബാച്ചിൽ 210 പേർ പരിശീലനം നേടിക്കഴിഞ്ഞു. ഡൊമിസിലിയറി കെയർ നൽകുന്നവർക്ക് സർക്കാർ ഒരു സർട്ടിഫിക്കറ്റ് നൽകുന്നുവെന്നതാണ് ഇതിന്റെ ഗുണം. ആ രീതിയിലുള്ള പരിശീലനം സിദ്ധിച്ചവരാണ് ഇവർ. ഒരു വർഷം 210 പേർ വീതമുള്ള രണ്ട് ബാച്ചിന് പരിശീലനം നൽകാൻ കഴിയും. സ്കോൾ കേരളയാണ് ഇതിന്റെ സർട്ടിഫിക്കേഷൻ നൽകുന്നത്. അത് നൂതനമായ ഒരു പദ്ധതിയാണ്. പ്രത്യേകിച്ച്, ഇത് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് വലിയ രീതിയിൽ സഹായകരമാകും.

<u>ശ്രീ. എച്ച്. സലാം</u>: സർ, പാലിയേറ്റീവ് കെയർ മേഖലയിൽ സന്നദ്ധ സംഘടനയുടെ സേവനം വളരെ പ്രധാനപ്പെട്ടതാണ്. ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുംകൂടി ചെയ്യുന്ന പ്രവർത്തനങ്ങളെക്കാളും കൂടുതൽ പലയിടങ്ങളിലും സന്നദ്ധ സംഘടനാ പ്രവർത്തനം പ്രധാനപ്പെട്ടതാണ്.

പലപ്പോഴും ഒരു ഡോക്ടറെ ശമ്പളം കൊടുത്ത് വയ്ക്കാൻ കഴിയാത്ത സാഹചര്യം വരും. ഓക്സിജൻ കോൺസൺട്രേറ്റർപോലെയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ സർവീസ് വളരെ പ്രധാനപ്പെട്ടതാണ്. ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്ത് ജീവിതാവസാനം വരെയും ഓക്സിജൻ കൊടുക്കണമെന്ന് പറയുന്ന രോഗികളെയെല്ലാം നമ്മൾ നേരിടേണ്ടിവരികയാണ്. അങ്ങനെയുള്ള സഹായം സന്നദ്ധ സംഘടന നടത്തുന്ന രജിസ്റ്റർ ചെയ്യപ്പെട്ട പാലിയേറ്റീവ് സംവിധാനത്തിനുകൂടി പ്രയോജനപ്പെടുത്താൻ, ഔദ്യോഗികമായ സംവിധാനത്തിനുപുറമേ സ്വകാര്യ സംവിധാനങ്ങൾക്കുകൂടി കോ-ഓർഡിനേറ്റ് ചെയ്ത് കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, സാന്ത്വന പരിചരണം ആവശ്യമുള്ള രോഗിക്ക് ഡോക്ടറുടെ സേവനമാണോ നഴ്സിന്റെ സേവനമാണോ ഏതാണ് ആവശ്യം അത് ലഭ്യമാകുന്നുവെന്നുള്ളത് ഉറപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം. സാമൂഹ്യാധിഷ്ഠിത സാന്ത്വന പരിചരണമാണ് കേരളത്തിന്റെ പ്രത്യേകത. ഒരു സ്ഥാപനത്തിലേയ്ക്ക് പാലിയേറ്റീവ് കെയർ ആവശ്യമുള്ളവരെ കൊണ്ടുവന്ന് പരിചരിക്കുകയെന്നുള്ളതല്ല, സമൂഹത്തിൽ, അവരുടെ കുടുംബങ്ങളിൽ,

അവരുടെ വീടുകളിൽത്തന്നെ അവരെ പരിചരിക്കുന്നത് സാമൂഹ്യാധിഷ്ഠിത സാന്ത്വന പരിചരണമാണ്. സർക്കാർ സംവിധാനങ്ങളെയും സന്നദ്ധ സംഘടനകളെയും നെറ്റ്‌വർക്കുപോലെ ബന്ധിപ്പിച്ചുകൊണ്ട് എവിടെയാണ് ഗ്യാപ്പുള്ളതെന്ന് കണ്ടെത്തിക്കൊണ്ട് രോഗിക്കാവശ്യമായ പരിചരണം കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ രൂപീകരണം അന്തിമഘട്ടത്തിലാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ കേരളത്തിൽ അത് സാധ്യമാകും. രാജ്യത്തുതന്നെ ആദ്യമായാണ് അത് രൂപീകരിക്കാൻ പോകുന്നത്. കൂടാതെ, നഴ്സിംഗ് കെയർ വീട്ടിൽപ്പോയി നൽകുന്നവർക്ക് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനംകൂടി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

**സംസ്ഥാന ജലപാത**

2 (*152) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലപാതയായ ഈസ്റ്റ് വെസ്റ്റ് കനാൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കോവളം മുതൽ ബേക്കൽവരെയുള്ള പ്രസ്തുത ജലപാതയിൽ എത്ര കിലോമീറ്റർ ദൂരമാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും അതിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയിൽ കോവളം മുതൽ കൊല്ലംവരെയും കോഴിക്കോട് മുതൽ നീലേശ്വരംവരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാത (NW-3)- യുമാണ്. വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ വികസനം മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഒന്നാംഘട്ടത്തിൽ 520 കി.മീ. ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിൽ വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര-മാഹി കനാലുകൾ ഉൾപ്പെടെ പൂർണ്ണതോതിൽ വികസിപ്പിക്കുന്നതിനും ജലപാത നിലവാരത്തിനാവശ്യമായ വീതിയിൽ കനാൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനും കനാലുകൾക്ക് കുറുകെയുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം നിരവധി ലോക്ക് കം ബ്രിഡ്ജുകളുടെ നിർമ്മാണവും നടന്നുവരുന്നു.

മൂന്നാംഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്റ്റ്" ഉൾപ്പെടെ, പൂർത്തീകരിക്കുകയും പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

ദേശീയപാത 66, സംസ്ഥാന പാതകൾ എന്നിവയുടെ സാമീപ്യമുള്ളതിനാൽ ജലപാതയുടെ വികസനം വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനത്തിന് സഹായമാകും. സംസ്ഥാനത്തിന്റെ യാത്രാ-ചരക്കുനീക്ക മേഖലകളിൽ വലിയ മാറ്റം കൊണ്ടുവരാനും

വിനോദസഞ്ചാരം, തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയിൽ വലിയതോതിൽ പുരോഗതിയുണ്ടാക്കാനും ജലപാത യഥാർത്ഥ്യമാകുന്നതോടെ കഴിയും.

(ബി) വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയിൽ കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 സ്റ്റാൻഡേർഡിലേക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ മൗത്ത് വരെയുള്ള (74.18 കി.മീ.) ഭാഗത്തെ 51 കി.മീ. ഗതാഗതയോഗ്യമാണ്.

കോവളം മുതൽ കായംകുളം വരെയുള്ള നിർമ്മാണ പ്രവൃത്തികൾ 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കനാൽ വികസനത്തിന്റെ ഭാഗമായി വർക്കല, കഠിനംകുളം, തിരുവനന്തപുരം മേഖലയിൽ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ 247.2 കോടി രൂപയുടെ പദ്ധതി കിഫ്ബി സഹായത്തോടെ നടപ്പാക്കിവരുന്നു. 1480 കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതിൽ 550-ഓളം കുടുംബങ്ങളെ

പുനരധിവസിപ്പിക്കുകയും ഇതിനായി 54.99 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**കൊല്ലം - കോട്ടപ്പുറം**

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗം ദേശീയ ജലപാത (NW-3) ആയി പ്രഖ്യാപിച്ചിട്ടുള്ളതും അതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ജലഗതാഗതയോഗ്യമാണെങ്കിലും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാകാനുണ്ട്.

**കോട്ടപ്പുറം - ചാവക്കാട്**

തൃശ്ശൂർ - കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലേക്ക് എത്തിച്ചു. തൃപ്രയാർ, കണ്ടശ്ശാൻകടവ്, ഏനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിന് 2.25 കോടി രൂപയുടെ അനുമതിയും, ചേറ്റുവ– ചാവക്കാട് ഭാഗത്ത് ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി ഒരു കോടി രൂപയുടെ അനുമതിയും തൃശ്ശൂർ

ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള പ്രവൃത്തിക്ക് 2.25 കോടി രൂപയുടെ അനുമതിയും നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. ചാവക്കാട് പാലം മുതൽ തിരുവത്ര പാലംവരെയുള്ള ഭാഗം ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് ജില്ലയിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ വിവിധ ഇടങ്ങളിൽ നടന്നുവരുന്നു.

**ചേറ്റുവ – കല്ലായി**

പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW-3ൽ 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD RIDF

TRANCHE No. XXIX പ്രകാരം 44.31 കോടി രൂപയുടെ അംഗീകാരം നല്കിയിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ കം ലോക്കിന്റെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു.

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (NW-3) (328 കി.മീ.) കഴിഞ്ഞുവരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി 1118 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ 'കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട് എന്ന പേരിലുള്ള പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**<u>ഇരഞ്ഞിക്കൽ - വടകര</u>**

ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴംകൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു.

പെരുന്തുരുത്തി പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വടകര - മാഹി**

17.61 കി.മീ. ദൈർഘ്യമുള്ള വടകര - മാഹി കനാലിന്റെ 9.28 കി.മീ. ദൂരം ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു.

റീച്ച് 1 - പ്രവൃത്തി 18% പൂർത്തിയായി.

റീച്ച് 2 - പൂർത്തീകരിച്ചു.

റീച്ച് 3 - 52 % പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിംഗ് ഭാഗത്തെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റീച്ച് 4 - കനാൽ എസ്കവേഷൻ പ്രവൃത്തി 93% പൂർത്തിയായിട്ടുണ്ട്.

റീച്ച് 5 - 90% പ്രവൃത്തി പൂർത്തീകരിച്ചു. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി പുരോഗമിക്കുകയാണ്.

**മാഹി - വളപട്ടണം**

മാഹി വളപട്ടണം റീച്ചിന്റെ 26 കി.മീ. ദൂരം വരുന്ന കനാലിന്റെ നിർമ്മാണ പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 2025 ഡിസംബറോടുകൂടി ഈ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് ദേശീയ ജലപാതയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വളപട്ടണം, കുപ്പം പുഴകളെ വികസിപ്പിച്ച് നിർദ്ദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നുവരുന്നു.

ഒന്നാം കട്ട് - പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

രണ്ടാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

മൂന്നാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**<u>നീലേശ്വരം - ബേക്കൽ സ്ട്രെച്ച്</u>**

കാസർഗോഡ് ജില്ലയിൽ കൊറ്റിമുതൽ നീലേശ്വരം-കോട്ടപ്പുറംവരെ 22.63 കി.മീ. ജലപാത ഗതാഗതയോഗ്യമാണ്. നീലേശ്വരം-കോട്ടപ്പുറം മുതൽ ബേക്കലിന് സമീപം ചിത്താരിവരെ (21.92 കി.മീ.) നീട്ടുന്നതിനുള്ള പദ്ധതി തയ്യാറായിട്ടുണ്ട്. ഇതിൽ 6.5 കി.മീ. ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നീലേശ്വരം-ബേക്കൽ നിർദ്ദിഷ്ട ജലപാത വികസിപ്പിക്കുന്നതിനായി കവ്വായി-തലിച്ചാലം, കവ്വായി-മടക്കര, മടക്കര-മയ്യിച്ച, കോട്ടപ്പുറം-പെരുമ്പട്ട എന്നീ ഫീഡർ കനാൽ ബന്ധിപ്പിക്കേണ്ടതുണ്ട്. ഇതിൽ കവ്വായി - മടക്കര ഫീഡർ റൂട്ടിൽ തടസ്സമായി നിൽക്കുന്ന മാടക്കൽ, ഇടയിലക്കാട്, തെക്കേക്കാട് എന്നീ ബണ്ടുകൾ പൊളിച്ചുനീക്കി പാലം പണിയുന്നതിലേക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കൊല്ലം, കോട്ടപ്പുറം ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ട് മൂന്ന് പതിറ്റാണ്ട് കഴിഞ്ഞു. യാത്രാ പ്രശ്നവും ചരക്കുനീക്കവും ചെലവുകുറഞ്ഞ വിധത്തിൽ കൈകാര്യം ചെയ്യാവുന്ന ഈ ജലപാതയുടെ വികസനം ഇപ്പോഴും പൂർത്തിയായിട്ടില്ല. എന്നാൽ വിഴിഞ്ഞം തുറമുഖം ഒന്നാംഘട്ടം പിന്നിട്ട് ട്രയൽ റൺ ആരംഭിച്ച ഘട്ടത്തിൽ മദർഷിപ്പുകളിൽ വരുന്ന കണ്ടെയ്നറുകൾ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിലേക്ക് നീക്കുന്നതിന് നമുക്ക് ലഭ്യമായ കനാൽ ശൃംഖല ഉപയോഗപ്പെടുത്താൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നിർദ്ദിഷ്ട ജലപാതയുടെ പൂർണ്ണതയിലേക്ക് എത്തിക്കുകയെന്നതിനാണ് ആദ്യം മുൻഗണന നൽകുന്നത്. അതിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. മൂന്നുഘട്ടം എന്നുപറഞ്ഞതിൽ, ഒന്നാം ഘട്ടത്തിൽ 520 കിലോമീറ്റർ ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാംഘട്ടം വടകര-മാഹി കനാലുൾപ്പെടെ ഏകദേശം 85 കിലോമീറ്റർ ദൂരത്തിൽ വിവിധയിടങ്ങളിലായി പൂർണ്ണതോതിൽ

വികസിപ്പിക്കുന്നതിനും ജലപാതാ നിലവാരത്തിനാവശ്യമായ വീതിയിൽ കനാൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനും കനാലുകൾക്ക് കുറുകെയുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിരവധി ലോക്ക്-കം-ബ്രിഡ്ജുകളുടെ നിർമ്മാണവും നടന്നുവരികയാണ്. മൂന്നാംഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കിലോമീറ്റർ ദൂരത്തിലുള്ള കനാലുകൾ,  അതിൽ കോഴിക്കോട് കനാൽ സിറ്റി പ്രോജക്റ്റടക്കം ഉൾപ്പെടുന്നുണ്ട്. അത് പൂർത്തീകരിക്കണം. പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പംതന്നെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ദേശീയപാത-66, സംസ്ഥാനപാതകൾ എന്നിവയുടെ സാമീപ്യമുള്ളതിനാൽ ജലപാതയുടെ വികസനം വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനത്തിന് സഹായകരമാകും. വിഴിഞ്ഞം തുറമുഖം വരുമ്പോൾ അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങളും ഇതിനോടൊപ്പം ആലോചിക്കാവുന്നതാണ്. സംസ്ഥാനത്തിന്റെ യാത്രാ, ചരക്കുനീക്ക മേഖലകളിൽ വലിയ മാറ്റം കൊണ്ടുവരാനും വിനോദസഞ്ചാരം, തൊഴിലവസരം

സൃഷ്ടിക്കൽ എന്നിവയിൽ വലിയ തോതിൽ പുരോഗതിയുണ്ടാക്കാനും ഈ ജലപാത യാഥാർത്ഥ്യമാകുന്നതോടെ കഴിയും.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനം ഉൾനാടൻ ജലപാതകളാൽ സമ്പന്നമാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അത് നീണ്ടുകിടക്കുകയാണ്. അവ വികസിപ്പിക്കാൻ സാധിച്ചാൽ കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് ഏറെ പ്രയോജനം ലഭിക്കുകയും വലിയ വരുമാനം നേടിത്തരുകയും ചെയ്യുന്നതാണ്. അതിനുവേണ്ടി ഇതുവരെ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; അതിന്റെ ഭാഗമായ ഈസ്റ്റ് - വെസ്റ്റ് കനാൽ ജലപാത വികസനത്തിന് ഇതിനകം എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈസ്റ്റ് - വെസ്റ്റ് കനാൽ ജലപാത യാഥാർഥ്യമാകുന്നതോടെ ടൂറിസം മേഖലയ്ക്ക് നല്ല രീതിയിലുള്ള പിന്തുണ നൽകാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ നേരത്തെ പറഞ്ഞതുപോലെ നിശ്ചിത അകലം നിലനിർത്തിക്കൊണ്ടുള്ള ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ ഈ ജലപാതയുടെ സമീപത്തായി സ്ഥാപിക്കും. അപ്പോൾ ബോട്ടിൽ സഞ്ചരിക്കുന്ന

ആളുകൾക്ക് അവിടെ ഇറങ്ങാനും അവിടെയുള്ള സൗകര്യങ്ങൾ ആസ്വദിക്കാനും കഴിയുന്നതാണ്. അതിനുള്ള പദ്ധതികൾ തയ്യാറാക്കി, കിഫ്ബി മുഖേന നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായ കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുമായി ബന്ധപ്പെട്ട് എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്; ഇനി എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുണ്ട്; ഇതിനുവേണ്ട ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ തിരുവനന്തപുരം ഭാഗത്താണ് നല്ല രീതിയിലുള്ള പുരോഗതി കാണാൻ സാധിക്കുന്നത്. കോവളം മുതൽ വർക്കലവരെ കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1300 കുടുംബങ്ങളെ പുനരധിവസിപ്പിച്ച് ഭൂമി ഏറ്റെടുക്കാനാണ് പാക്കേജ് നടപ്പാക്കിയിട്ടുള്ളത്. ഇതനുസരിച്ച് വസ്തുവും കെട്ടിടവും വാങ്ങുന്നതിനായി പത്ത് ലക്ഷം രൂപ, താൽക്കാലികമായി വാടകവീട്ടിലേക്ക് മാറുന്നതിന് ഒരു ലക്ഷം രൂപ, നിലവിലുള്ള കെട്ടിടത്തിന്റെ മൂല്യനിർണ്ണയ തുക എന്നിവ ഓരോ കുടുംബത്തിനും

അനുവദിക്കുന്നുണ്ട്. വർക്കല ഭാഗത്ത് 383-ഉം കഠിനംകുളത്ത് 175-ഉം തിരുവനന്തപുരത്ത് 287-ഉം കുടുംബങ്ങൾ ഈ പാക്കേജ് സ്വീകരിക്കാൻ തയ്യാറായിട്ടുണ്ട്. ബാക്കിയുള്ളവരും പാക്കേജ് സ്വീകരിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, 44 നദികളും 590 കിലോമീറ്റർ തീരദേശവുമുള്ള കേരളത്തിന് ഇതുവരെ ജലപാതയുടെ സാധ്യതകൾ ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. നമ്മുടെ റോഡുകൾ മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ ഗതാഗതക്കുരുക്കിലേക്ക് നീങ്ങുന്ന ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ പ്രധാനപ്പെട്ട ജലപാതകളെ ബന്ധിപ്പിക്കുന്ന തരത്തിൽ ഉൾനാടൻ ജലഗതാഗതത്തെ ഉപയോഗിക്കാൻ ഏതെങ്കിലും തരത്തിൽ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അത്തരത്തിലുള്ള ഒരു കണക്റ്റിവിറ്റി ഉണ്ടാക്കാൻ ഈ പദ്ധതിയുടെ ഭാഗമായി ആലോചനയുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പദ്ധതിയുടെ ഭാഗമായി അത്തരമൊരു ആലോചനയില്ലെങ്കിലും ഉൾനാടൻ ജലഗതാഗതത്തെ ഉപയോഗിക്കുന്ന പദ്ധതികൾ നാം നേരത്തെ തുടങ്ങിക്കഴിഞ്ഞു. അതാണ്

എറണാകുളത്ത് നടപ്പാക്കിയിട്ടുള്ള പദ്ധതി വ്യക്തമാക്കുന്നത്. നമ്മുടെ നാടിന്റെ വിവിധ ഭാഗങ്ങളുടെ ആവശ്യകത പരിഗണിച്ചുകൊണ്ട് അത്തരം പദ്ധതികൾ ആലോചിക്കാവുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സംസ്ഥാന ജലപാത കടന്നുപോകുന്ന മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴ, കനോലി കനാൽ എന്നിവിടങ്ങളിൽ നിലവിലുള്ള എത്ര പാലങ്ങൾ ജലപാത ക്ലിയറൻസിനുവേണ്ടി പൊളിച്ചുപണിയേണ്ടതുണ്ട്; പ്രസ്തുത പാലങ്ങൾ പൊളിച്ചുപണിയുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാതയിൽ 383 കിലോമീറ്റർ കഴിഞ്ഞുവരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി 'കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്' എന്ന പേരിലുള്ള പദ്ധതിക്ക് 1118 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച, പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരികയാണ്. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രെഡ്ജിങ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD RIDF TRANCHE No. XXIX പ്രകാരം 44.31 കോടി രൂപയുടെ അംഗീകാരം നല്കിയിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ കം ലോക്കിന്റെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരികയാണ്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കോഴിക്കോടുള്ള കനോലി കനാൽ. 11.2 കിലോമീറ്ററാണ് അതിന്റെ ദൂരമെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. അതിന്റെ വീതിയും വളരെ കുറവാണ്. കോഴിക്കോട് നഗരത്തിന്റെ വികസനത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കാൻ സാധിക്കുന്നതാണത്. വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത യാഥാർഥ്യമാകണമെങ്കിൽ കനോലി കനാൽ

വികസിപ്പിച്ചേ മതിയാകൂ. അതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ‘ കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട് -ന് വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. അതുകൊണ്ടുതന്നെയാണ് അതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിരിക്കുന്നത്. നല്ല നിലയിൽ ആ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത പദ്ധതി വേഗംതന്നെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കോട്ടയം-ആലപ്പുഴ സംസ്ഥാന ജലപാതയിൽ പോളപ്പായൽ അടിഞ്ഞുകൂടിയിരിക്കുന്നതിനാൽ ചില സന്ദർഭങ്ങളിൽ ബോട്ട് സർവീസ് നടത്താൻ പറ്റാത്ത സാഹചര്യമുണ്ട്. ജലാശയം എന്ന് പറയാമെങ്കിലും അതിന്റെ ഒരു സൗകര്യവും അവിടെയില്ല. അതിനാൽ കോട്ടയം-ആലപ്പുഴ സംസ്ഥാന ജലപാതയ്ക്ക് മുൻഗണന നൽകി

ദീർഘകാലമായുള്ള ഈ ജലപാത ഉപയോഗപ്രദമാക്കുന്നതിനുവേണ്ടിയും ബോട്ട് ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടിയുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിനാവശ്യമായ നടപടികൾ കാലാകാലങ്ങളിൽ സ്വീകരിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് പ്രത്യേകമായി പരിശോധിച്ച് കോട്ടയം-ആലപ്പുഴ സംസ്ഥാന ജലപാത ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ജലപാതാ വികസനത്തിനുള്ള പ്രധാന കേന്ദ്രം ആക്കുളം-കൊച്ചുവേളി കേന്ദ്രീകരിച്ച് സ്ഥാപിക്കുന്ന വിഷയത്തെക്കുറിച്ച് ആലോചിക്കാമോ? റെയിൽവേ സ്റ്റേഷനും വിമാനത്താവളവും ബൈപ്പാസും കെ.എസ്.ആർ.ടി.സി. ടെർമിനലും ഉൾപ്പെടെ ഈ പ്രദേശത്തുണ്ട് എന്നതാണ് ഇവിടത്തെ സവിശേഷത. അക്കാര്യം പരിശോധിക്കാമോ; അതുപോലെ ആക്കുളം മുതൽ ചേറ്റുവ വരെയുള്ള ജലപാത എന്നത്തേക്ക് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ആക്കുളം മുതൽ ചേറ്റുവ വരെയുള്ള ജലപാതയുടെ കാര്യത്തിൽ നേരത്തെ സൂചിപ്പിച്ച ആ ഭാഗം തന്നെയാണ് ഇതിനും ബാധകമായി വരുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ജലപാത പൂർണ്ണമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഓരോ ഘട്ടത്തിലും ഓരോ ഭാഗത്തേക്ക് പ്രത്യേകം പദ്ധതികൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. ആക്കുളം-ചേറ്റുവ ജലപാതയുടെ ദൈർഘ്യം 235 കിലോമീറ്ററാണ്. അതിന്റെ പ്രവൃത്തി 2025 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരികയുമാണ്.

ശ്രീമതി കെ. കെ. രമ: സർ, വടകര നിയോജകമണ്ഡലത്തിലെ മോന്താലിൽ റെഗുലേറ്റർ നിർമ്മിക്കാതെ ആഴം വർധിപ്പിച്ചതുമൂലം മാഹി അഴിമുഖത്തുനിന്നും കടൽവെള്ളം പുഴയിലേക്ക് കയറി കിണറുകളിലെയും കൃഷിയിടങ്ങളിലെയും ശുദ്ധജലം മലിനമാക്കുകയാണ്. ഇത്തരത്തിൽ ഉപ്പുവെള്ളം കയറുന്നതുമൂലം കുടിവെള്ളത്തിനുള്ള ബുദ്ധിമുട്ടുണ്ടാകുന്നു, കൃഷിക്കാരും വലിയ പ്രയാസം നേരിടേണ്ടിവരികയാണ്. നേരത്തെ ഇവിടെ റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പദ്ധതിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ

സംസ്ഥാന ജലപാതയുടെ ഫീഡർ റൂട്ട് ആയതിനാൽ ഇത് സാധാരണ പാലമാക്കി മാറ്റുകയായിരുന്നു. ഇവിടത്തെ ഉപ്പുവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി സംസ്ഥാന ജലപാത പദ്ധതിയിലുൾപ്പെടുത്തി ലോക്കോടുകൂടിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വടകര-മാഹി കനാലിന് 17.61 കിലോമീറ്റർ ദൈർഘ്യമാണുള്ളത്. അതിൽ 9.28 കിലോമീറ്റർ ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കനാൽ നിർമ്മാണം അഞ്ച് റീച്ചുകളായാണ് നടന്നുവരുന്നത്. ഇത് പ്രധാന ഭാഗമായതുകൊണ്ട് ഞാൻ വിശദമാക്കാം. റീച്ച് 1 - പ്രവൃത്തി 18% പൂർത്തിയായി, റീച്ച് 2 – പ്രവൃത്തി പൂർത്തീകരിച്ചു, റീച്ച് 3 – പ്രവൃത്തി 52% പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിംഗ് ഭാഗത്തെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള

നടപടികൾ നടന്നുവരികയാണ്. റീച്ച് 4 - കനാൽ എസ്കവേഷൻ പ്രവൃത്തി 93% പൂർത്തിയായിട്ടുണ്ട്. റീച്ച് 5 - 90% പ്രവൃത്തി പൂർത്തീകരിച്ചു. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി പുരോഗമിക്കുകയാണ്. ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ച ഉപ്പുവെള്ളത്തിന്റെ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് അവശ്യ നടപടി സ്വീകരിക്കാം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കോട്ടപ്പുറം മുതൽ കല്ലായി വരെയുള്ള പശ്ചിമതീര കനാൽ വികസനം ത്വരിതഗതിയിൽ നടപ്പാക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർഥിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയം കേന്ദ്ര സർക്കാരിനോട് പല ഘട്ടങ്ങളിലും ആവശ്യപ്പെട്ടിട്ടുണ്ട്. അത് നല്ല രീതിയിൽ പൂർത്തീകരിക്കാനുള്ള നടപടികൾതന്നെയാണ് വിഭാവന ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ചു കൊണ്ടുതന്നെയാണ് ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി പ്രധാനമായി ഏഴ് കനാലുകളുടെ വീതികൂട്ടലും

അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടത്തുന്നതിനായി ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന പദ്ധതിയുടെ ഭാഗമായി 1528 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും കെ.എം.ആർ.എൽ.(കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്)-നെ അതിന്റെ നിർമ്മാണ ഏജൻസിയായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ബണ്ട് റോഡിൽ ഒരു പാലം പൊളിച്ചുപണിയുന്ന പ്രവൃത്തിയല്ലാതെ ഇതുമായി ബന്ധപ്പെട്ട് ഒരു നടപടിയും ആരംഭിച്ചിട്ടില്ല. കനാലിലേക്ക് സെപ്റ്റിക് ടാങ്ക് മാലിന്യമൊഴുക്കാതിരിക്കാൻ നാല് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് കൊച്ചിയിലെ വെള്ളപ്പൊക്കത്തിന് ശാശ്വതപരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ എന്റെ പക്കലില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ടി പദ്ധതി വളരെ വേഗം പൂർത്തീകരിക്കുക എന്നത് എറണാകുളത്തിന്റെ ഏറ്റവും

പ്രധാനപ്പെട്ട ആവശ്യമാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ഈസ്റ്റ്-വെസ്റ്റ് കനാലിന്റെ തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ട ഭാഗങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്. വേളി മുതൽ വർക്കലവരെ വരുന്ന ഭാഗത്തെ പുനരധിവാസം ഏകദേശം 95 ശതമാനത്തോളം പൂർത്തീകരിച്ചുകഴിഞ്ഞു. പുനരധിവാസത്തിനായി ഇപ്പോൾ നൽകുന്നത് 10 ലക്ഷം രൂപയാണ്. കോവളം മുതൽ വേളി വരെയുള്ള ഭാഗത്തെ പുനരധിവാസ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇതിന്റെ ഒരു പ്രധാനപ്പെട്ട കാരണം തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ വളരെ ഉയർന്ന ഭൂമിവിലയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട പാക്കേജ് തുക ഏതെങ്കിലും സാഹചര്യത്തിൽ വർദ്ധിപ്പിച്ചുനൽകാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് കുറച്ച് പ്രശ്നമുള്ള കാര്യമാണ്, പ്രസ്തുത പാക്കേജിൽ നൽകിവരുന്നത് ഏറ്റവും ഉയർന്ന നിരക്കിലുള്ള നഷ്ടപരിഹാരതുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ ഇതിനേക്കാൾ കൂടുതൽ

തുക അനുവദിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നല്ലരീതിയിൽ മുമ്പോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. ആളുകൾ വളരെ നല്ലരീതിയിൽ സഹകരിക്കുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്നതാണ്. നിലവിലുള്ള സാഹചര്യത്തോട് സഹകരിക്കണമെന്ന അഭ്യർത്ഥനയാണ് എല്ലാവരും നടത്തേണ്ടത്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സംസ്ഥാന ജലപാതയുടെ പ്രവൃത്തി വളരെ വിജയകരമായി മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. അനുബന്ധമായ മറ്റ് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിധത്തിലുള്ള സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ അതത് സമയങ്ങളിൽത്തന്നെ പരിശോധിക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതിനാൽ അക്കാര്യത്തിൽ ആശങ്ക വേണ്ടെന്ന് അറിയിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഈസ്റ്റ്-വെസ്റ്റ് ജലപാത ആരംഭിക്കുന്ന പ്രദേശത്ത് ചരക്കുഗതാഗതം സുഗമമാക്കുന്നതിനായി റോഡുകൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ജലപാത യാഥാർത്ഥ്യമാകുന്നതോടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ വളരെയധികം സൗകര്യങ്ങൾ പലയിടങ്ങളിലായി ആവശ്യമായിവരും, അതെല്ലാം അതത് ഘട്ടങ്ങളിൽ മുൻകൂട്ടി ആലോചിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇപ്പോൾ മുൻതൂക്കം നൽകേണ്ടത് ജലപാത പൂർത്തീകരിക്കുന്നതിനാണ്, അതോടൊപ്പം മറ്റുകാര്യങ്ങളും നടപ്പിലാക്കാം.

**ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി**

(*153) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ-എക്സൈസ്-പാലർമെന്ററികാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവ്യാപകമായി ലഹരിക്കെതിരെ ബോധവൽക്കരണ പ്രചാരണങ്ങളും ജനകീയ മുന്നേറ്റങ്ങളും വർധിക്കുമ്പോഴും ജനങ്ങളിൽ ലഹരിയുടെ സ്വാധീനം വർധിക്കുന്നത് ആശങ്കയുണർത്തുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇന്റർനാഷണൽ നാർക്കോട്ടിക് കൺട്രോൾ ബോർഡിന്റെ കണക്കനുസരിച്ച് രാജ്യം മയക്കുമരുന്നുകടത്തിന്റെ പ്രധാന കേന്ദ്രമായി മാറിയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുരുന്നു വിദ്യാർഥികൾക്കിടയിൽ ഉൾപ്പെടെയുള്ള ലഹരി വ്യാപനത്തെ പ്രതിരോധിക്കാൻ ഉപരിപ്ലവമായ നടപടികൾ മാത്രം മതിയാകില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ പരിസരങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നിരന്തര നിരീക്ഷണം ഏർപ്പെടുത്താനും സ്കൂളുകളിൽ പ്രദേശിക തലങ്ങളിലുള്ള ജാഗ്രതാ സമിതികളിലൂടെ നിരീക്ഷണം ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയതായി എത്തുന്ന കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി ശക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി

കേന്ദ്രസർക്കാരിന്റെ 'നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ടിൽ' ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ-എക്സൈസ്-പാലർമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) : സർ, (എ) ബോധവൽക്കരണത്തിനും ജനകീയ മുന്നേറ്റങ്ങൾക്കുമൊപ്പം ലഹരി വ്യാപനം തടയാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന കേസുകളിലും, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണത്തിലും, പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവിലും ഉണ്ടാകുന്ന വർദ്ധനവ് ആശങ്കപ്പെടുത്തുന്നതാണ്.

(ബി) ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ പരിശോധന പരിധിയിൽ വരുന്നതല്ല.

(സി) ചെറിയ പ്രായത്തിലുള്ള കുട്ടികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുക, വിദ്യാലയങ്ങളിലേക്കുള്ള ലഹരിയുടെ കടന്നുവരവ് കണ്ടെത്തി നടപടികൾ

സ്വീകരിക്കുക, വിദ്യാലയങ്ങളും പരിസരപ്രദേശങ്ങളും ലഹരിമുക്തമാക്കുക എന്നീ ലക്ഷ്യങ്ങളോടെ 'വിമുക്തി മിഷനും' എക്സൈസ് വകുപ്പും വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പുറമേ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിദ്യാലയങ്ങളും പരിസര പ്രദേശങ്ങളും കേന്ദ്രീകരിച്ച് നടപ്പാക്കിവരുന്നു.

സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി പുകയില ഉൽപന്നങ്ങൾ, മയക്കുമരുന്ന് എന്നിവ സൂക്ഷിച്ച് വച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തുകയും, അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. സ്കൂൾ പരിസരത്തെ ഇടവഴികൾ, പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ പറ്റുന്ന ഇടങ്ങൾ, കുറ്റിക്കാടുകൾ, ഒറ്റപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങൾ പരിശോധിച്ച് അത്തരം സ്ഥലങ്ങളിൽ ലഹരിയുടെ സാന്നിദ്ധ്യം ഇല്ല എന്ന് ഉറപ്പാക്കിവരുന്നു.

സ്കൂളുകളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുമ്പും ക്ലാസ് അവസാനിച്ചതിന് ശേഷവും നിശ്ചിത ഇടവേളകളിൽ സ്കൂൾ പരിസരങ്ങളിലും

സംശയമുള്ള സ്ഥലങ്ങളിലും മഫ്തി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തിവരുന്നുണ്ട്. എക്സൈസ് വകുപ്പ് മാത്രമായും, പോലീസ് ഉൾപ്പെടെയുള്ള മറ്റു വകുപ്പുകളുമായി ചേർന്നും ഇത്തരം പരിശോധനകളും, രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നു.

ലഹരി ഉപയോഗം സംശയിക്കുന്ന കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസലിംഗ് നൽകുന്നതിന് സ്കൂളുകളിൽ ' നേർവഴി' എന്ന പേരിൽ ഒരു പദ്ധതിയും, കുട്ടികൾക്ക് ചെറിയ പ്രായം മുതൽ നല്ല ശീലങ്ങളും ജീവിത നൈപുണ്യങ്ങളും വളർത്തിയെടുക്കുന്നതിന് തെരെഞ്ഞെടുക്കപ്പെട്ട പ്രൈമറി സ്കൂളുകളിൽ " ബാല്യം അമൂല്യം" എന്ന ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി " കവചം" , " തെളിവാനം വരക്കുന്നവർ" എന്നീ പേരുകളിൽ കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കോളേജ് ക്യാമ്പസുകളിൽ " നേർക്കൂട്ടം" , ഹോസ്റ്റലുകളിൽ " ശ്രദ്ധ" എന്നീ കമ്മിറ്റികൾ രൂപീകരിച്ച് നിയമാവബോധം നൽകിവരുന്നു. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു " Standard Operating Procedure (SOP)" തയ്യാറാക്കി ആയത് പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വ്യാപനം തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ ജനജാഗ്രത സമിതികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ " Standard Operating Procedure (SOP)" പ്രകാരം സ്കൂൾ തലത്തിൽ പ്രാദേശിക ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരി സംബന്ധമായ പ്രശ്നങ്ങൾ നിരീക്ഷിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് കൃത്രിമ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് സർക്കാർ നടപടികൾ ശക്തമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 'നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റിൽ' ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടികയിൽ Tydol എന്ന സൈക്കോട്രോപിക് മരുന്ന് ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, മദ്യദുരന്തങ്ങളുടെയും അതുപോലെയുണ്ടാകുന്ന മരണങ്ങളുടെയും കണക്കുകൾ മാധ്യമ വാർത്തകളിലൂടെ നമ്മൾ അറിയാറുണ്ട്. എന്നാൽ മക്കുമരുന്നിന്റെ ഉപയോഗംമൂലം ഉണ്ടാകുന്ന മരണങ്ങളെ സംബന്ധിച്ച് അത്തരത്തിൽ ഒരു പ്രൊജക്ഷൻ സമൂഹത്തിന് ലഭിക്കുന്നില്ല. നേരത്തെ 50 വയസ്സിന് മുകളിലുള്ള ആളുകളായിരുന്ന ലഹരിയിൽനിന്നുള്ള മോചനത്തിനായി ചികിത്സതേടിയിരുന്നതെങ്കിൽ ഇന്ന് 14 വയസ്സുമുതൽ ഇത് ആരംഭിക്കുയാണ്. “ വിമുക്തി” നല്ലൊരു പരിപാടിയാണ്, പ്രസ്തുത പദ്ധതിയിൽ സ്കൂളുകളെ തിരഞ്ഞെടുത്ത്, 5 ലക്ഷം രൂപ നൽകിക്കൊണ്ട് സ്പോർട്സിന് പ്രാധാന്യം നൽകുന്ന പരിപാടികൾ വിമുക്തി ചെയ്തിരുന്നെങ്കിലും ഇപ്പോൾ അതിനുള്ള ഫണ്ട് പര്യാപ്തമല്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ജില്ലയിൽ 40 സ്കൂളുകളെ തിരഞ്ഞെടുത്ത് 10000 രൂപ വിലയുള്ള സ്പോർട്സ് കിറ്റുകൾ നേരത്തെ നൽകിയിരുന്നെങ്കിൽ ഇപ്പോഴത് 5000 രൂപയായി വെട്ടിക്കുറച്ചിരിക്കുകയാണ്. ലഹരിക്കെതിരെ ഏറ്റവും ഫലവത്തായ പ്രതിരോധം തീർക്കാൻ കഴിയുന്നത് വിദ്യാർത്ഥികളിലൂടെയാണ് എന്നതിനാൽ

വിദ്യാഭ്യാസ വകുപ്പിനോടൊപ്പംചേർന്ന് സ്കൂളുകൾ കേന്ദ്രീകരിച്ച് വിമുക്തിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മദ്യദുരന്തത്തിൽ ഈയടുത്ത കാലത്തൊന്നും കേരളത്തിൽ ആരും മരിച്ചിട്ടില്ല. മദ്യദുരന്തത്തിന്റെയും മരണത്തിന്റെയും അത്തരം ചില വാർത്തകൾ ഈയിടെ വന്നിരിക്കുന്നത് മറ്റുചില സംസ്ഥാനങ്ങളിൽനിന്നാണ്. മയക്കുമരുന്നിന്റെ ദീർഘനാളായുള്ള ഉപയോഗം മരണമുൾപ്പെടെ മാരകമായ ഭവിഷ്യത്തുകൾക്ക് കാരണമാകുമെന്നത് യാഥാർത്ഥ്യമാണ്, അതുസംബന്ധിച്ച ഒരു കണക്ക് ഇപ്പോൾ നൽകുന്നതിന് പ്രയാസമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സർക്കാർ ശ്രദ്ധകേന്ദ്രീകരിക്കുന്നത് വിദ്യാലയങ്ങളിൽത്തന്നെയാണ്, പ്രത്യേകിച്ച് സ്കൂളുകളിലും കോളേജുകളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ചെറുപ്പത്തിലേ പിടികൂടുക എന്ന മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനത്തെ നേരിടാനുള്ള ഫലപ്രദമായ പ്രവർത്തനങ്ങളാണ് കേരളത്തിൽ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് ധാരാളം പദ്ധതികൾ എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ടാണ് ഇത്തരം

പ്രവർത്തനങ്ങൾ നടത്തുന്നത്. വിദ്യാഭ്യാസം, വനിതാ-ശിശുവികസനം, സാമൂഹിക നീതി, പോലീസ്, മെഡിക്കൽ എഡ്യൂക്കേഷൻ, ഉന്നതവിദ്യാഭ്യാസം, സാങ്കേതികം എന്നീ വകുപ്പുകളുടെയൊക്കെ സഹകരണത്തോടെ ഒരു "സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീഡ്യൂവർ" എക്സൈസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ കുട്ടികളിലെ ലഹരി ഉപയോഗം തിരിച്ചറിയുക, കുട്ടികൾക്ക് ആവശ്യമായ കൗൺസലിംഗ് നൽകുക, ലഹരിമുക്ത ചികിത്സ നൽകുക, വിദ്യാലയങ്ങളിലും പരിസരത്തും ലഹരിയുടെ കടന്നുവരവിനെ തടയുക എന്നീ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വാർഷിക പദ്ധതിയും എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി ഈ വർഷം വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന അധ്യാപക പരിശീലന പരിപാടിയിൽ ഈ വിഷയംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്.ഒ.പി. സംബന്ധിച്ച് അധ്യാപകർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലനം നൽകിയിട്ടുണ്ട്. അതുപോലെതന്നെ കോളേജ് ക്യാമ്പസുകളിൽ പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ "നേർക്കൂട്ടം" എന്ന കമ്മിറ്റിക്കും ഹോസ്റ്റലുകളിൽ പ്രത്യേകമായി പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പൽ നേതൃത്വംകൊടുക്കുന്ന "ശ്രദ്ധ" എന്ന ഒരു

കമ്മിറ്റിക്കും രൂപംകൊടുത്തിട്ടുണ്ട്. ഈ അധ്യയന വർഷാരംഭംതന്നെ മയക്കമരുന്ന് വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന മൂന്ന് ലക്ഷം സ്വാഗത പത്രികകൾ കുട്ടികൾക്ക് നൽകിയിട്ടുണ്ട്. അതുപോലെ രക്ഷിതാക്കൾക്കും അധ്യാപകർക്കും അവബോധം നൽകുന്നതിനായി "കരുതൽ" എന്ന പേരിൽ ഒരു പദ്ധതിയുണ്ട്. വിദ്യാർത്ഥികളെ ബോധവത്കരിക്കാനായി "കവചം" എന്ന പേരിൽ ഒരു കൈപ്പുസ്തകവും രൂപപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എസ്.സി.ഇ.ആർ.ടി.യുമായി സഹകരിച്ച് "തെളിവാനം വരയ്ക്കുന്നവർ " എന്ന പേരിൽ മറ്റൊരു കൈപ്പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ വിദ്യാലയങ്ങളിൽ എക്സൈസിന്റെ ആഭിമുഖ്യത്തിൽ 5585 ലഹരി വിമുക്ത ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച "ഉണർവ് 'പദ്ധതിയിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്, പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. "ലഹരിക്കെതിരെ കായിക ലഹരി" എന്ന ആശയവുമായി "ടീം വിമുക്തി" എന്ന പേരിൽ വിവിധ സ്കൂളുകളിൽ രൂപീകരിച്ച ആയിരം കായിക ടീമുകൾക്ക് കേരളത്തിൽ ആകമാനം

കായികാധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നുണ്ട്. ഇത്തരത്തിൽ വളരെ വിപുലമായ ഒരു പദ്ധതിയാണ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് എക്സൈസ് വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ജി. എസ്. ജയലാൽ: സർ, ഞാൻ സൂചിപ്പിച്ചത് " ഉണർവ്" എന്ന പരിപാടിയുടെ ഫണ്ട് കുറയുന്നു എന്നതാണ്, ഫണ്ടിന്റെ അപര്യാപ്തത പരിഹരിച്ച് പ്രസ്തുത പരിപാടി കൂടുതൽ ശാക്തീകരിക്കാൻ ശ്രമിക്കേണ്ടതിനെക്കുറിച്ചാണ് എന്റെ ചോദ്യത്തിൽ സൂചിപ്പിച്ചത്. മദ്യദുരന്തത്തിന്റെ വാർത്ത രാജ്യവ്യാപകമായും ലോകവ്യാപകമായും വരുന്നുണ്ടെന്നും അത് ജനങ്ങളുടെ ശ്രദ്ധയിൽ വരുന്നുണ്ടെന്നുമാണ് ഞാൻ ഉദ്ദേശിച്ചത്, അതല്ലാതെ ഇവിടെ ഇത്തരത്തിലുള്ള സംഭവം ഉണ്ടാകുന്നുവെന്ന് ഞാൻ ഉദ്ദേശിച്ചിട്ടില്ല.

ഒരു ക്ലാസിനെ ഒരു യൂണിറ്റായി കണക്കാക്കാതെ ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കിയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രവർത്തിക്കുന്നത്. ടാലന്റ് സെർച്ച് എക്സാമിനേഷൻ നടത്തി ഓരോ കുട്ടിയുടെയും കഴിവുകളെ തിരിച്ചറിയുകയും ആത്മവിശ്വാസം വർദ്ധിപ്പിച്ചെടുക്കുകയും ചെയ്തുകൊണ്ട്, ആ

കുട്ടിയെ മുന്നോട്ട് നയിക്കാനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കാനായി എക്സൈസ് വകുപ്പിന്റെ "വിമുക്തി" പരിപാടി അതിനൊപ്പം ചേർത്തുകൊണ്ട് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം നേരത്തെ പറഞ്ഞതിൽ അവ്യക്തതയുണ്ടായതുകൊണ്ടാണ് കേരളത്തിൽ അങ്ങനെ സംഭവങ്ങളുണ്ടായിട്ടില്ലെന്ന് ഞാൻ വ്യക്തത വരുത്തിയത്. ഇപ്പോൾ അദ്ദേഹവും അക്കാര്യം വ്യക്തമാക്കി കഴിഞ്ഞു. അത് നമുക്കെല്ലാം അറിയുന്ന കാര്യവുമാണ്.

ഫണ്ടിന്റെ പ്രശ്നം സംബന്ധിച്ച്, സംസ്ഥാനമാകെ നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ രാഷ്ട്രീയ കാരണങ്ങൾ നമുക്കെല്ലാവർക്കുമറിയാം. അത് എല്ലാ മേഖലകളെയും ബാധിക്കുന്നതുപോലെ ഇത്തരം പദ്ധതികളെയും ബാധിക്കുന്നുണ്ട്. അതിന്റെ ആഘാതം പരമാവധി കുറച്ച് ഇത്തരം കാര്യങ്ങൾക്ക് കഴിയുന്നത്ര ഫണ്ട് ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം പ്രശ്നങ്ങളെല്ലാമുണ്ടായിട്ടും ഞാൻ നേരത്തെ വിശദീകരിച്ച നിരവധി

പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഞെരുക്കമെല്ലാം ഉണ്ടായിട്ടും 'ഉണർവ്', 'വിമുക്തി' 'കരുതൽ' എന്നീ പദ്ധതികളും, 'കവചം', 'തെളിവാനം വരയ്ക്കുന്നവർ' പോലുള്ള കൈപ്പുസ്തകങ്ങളും തയ്യാറാക്കി ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മറ്റ് മാർഗങ്ങളിലൂടെ സി.എസ്.ആർ. ഫണ്ട് സ്വരൂപിച്ചുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ ശക്തമായി നടപ്പാക്കി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ലഹരി വ്യാപനം വർധിക്കുന്നതിൽ പൊതുവായി ആശങ്കയുണ്ട്. ഇതിനെതിരെ പല തരത്തിലുള്ള എൻഫോഴ്സ്മെന്റുകളും സർവ്വേകളും സർക്കാർ നടപ്പിലാക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എസ്.പി.സി.-യെ ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥി മേഖല മുതൽ ഐ.ടി. മേഖല വരെ സർവ്വേ നടത്തിയതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. സിനിമാ മേഖലയിലും മയക്കുമരുന്നിന്റെ ഉപയോഗമുണ്ടെന്ന വിമർശനമുണ്ട്. സിനിമാ വ്യവസായത്തെ ഇത് ദോഷകരമായി ബാധിക്കുന്നുണ്ടെന്ന അഭിപ്രായവും

വന്നിട്ടുണ്ട്. സർക്കാർ ഈ കാര്യങ്ങൾ ഗൗരവമായി പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കേരളത്തിലെ മയക്കുമരുന്ന് ഭീഷണിക്കെതിരായി ഒരു ത്രിമുഖ പദ്ധതിയാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായ സമിതി സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ തുടർച്ചയായി ജില്ലാ തലത്തിലും തദ്ദേശസ്ഥാപന തലത്തിലും വാർഡ് തലത്തിലും വിദ്യാലയ തലത്തിലുമുണ്ട്. ഇതിലൂടെ ജനങ്ങളെ അണിനിരത്തുകയാണ് ചെയ്യുന്നത്. ജനങ്ങളിലേയ്ക്ക് മുഴുവൻ ഈ സന്ദേശമെത്തിച്ചുകൊണ്ട് ജനങ്ങളെ മുഴുവൻ മയക്കുമരുന്നിനെതിരായ പോരാട്ടത്തിൽ അണിനിരത്തുന്ന മറ്റെല്ലാ കാര്യങ്ങളിലും കേരളം സൃഷ്ടിച്ചിട്ടുള്ള ജനകീയ മാതൃക. രണ്ടാമത്തേത് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ്. മൂന്നാമത്തേത് ബോധവൽക്കരണ പ്രവർത്തനങ്ങളും ലഹരിമുക്ത പ്രവർത്തനങ്ങളുമാണ്. കുറ്റവാളികളെ കാണുന്നതുപോലെയല്ല ലഹരിക്ക് അടിമപ്പെട്ടവരെ സർക്കാർ കാണുന്നത്. വിമുക്തി, കൗൺസലിംഗ് സെന്ററുകൾ എന്നിവ അവർക്ക്

വേണ്ടിയുള്ളതാണ്. അവരെ ലഹരിയിൽനിന്ന് മോചിപ്പിച്ച് ജീവിതത്തിലേയ്ക്ക് തിരിച്ച് കൊണ്ടുവരുന്നതിനുള്ള വിപുലമായ പരിപാടികൾ ഇന്ത്യയിൽ കേരളത്തിലല്ലാതെ മറ്റെവിടെയെങ്കിലും സർക്കാരിന്റെയോ എക്സൈസ് വകുപ്പിന്റെയോ നേതൃത്വത്തിൽ കൗൺസലിംഗ് നൽകുക, അവരെ അതിൽ നിന്നും മോചിപ്പിക്കുക തുടങ്ങിയിട്ടുള്ള വിമുക്തി പോലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്നത് സംശയമാണ്. ഇങ്ങനെ ത്രിമുഖമായ പദ്ധതിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സിനിമാ മേഖലയെക്കുറിച്ചുകൂടി ചോദിക്കുകയുണ്ടായി. ഏതെങ്കിലും ഒരു പ്രത്യേക മേഖലയ്ക്ക് പ്രത്യേക പരിഗണനയോ ഇളവോ സർക്കാർ നൽകുന്നില്ല. മയക്കുമരുന്ന് ഭീഷണിയെ മയക്കുമരുന്ന് ഭീഷണിയായിട്ടാണ് കാണുന്നത്, അത് ഏത് മേഖലയിൽ എന്നുള്ളതല്ല പ്രശ്നം. ഇത്തരത്തിലുള്ള തെറ്റായ, കുറ്റകരമായ, അനഭിലഷണീയമായ പ്രവണതകളുണ്ടാകുമ്പോൾ അതിനെ നിയമപരമായിതന്നെ നേരിടുക എന്നതാണ് സർക്കാർ സ്വീകരിച്ച സമീപനം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ 'വിമുക്തി' പദ്ധതി വളരെ ശ്രദ്ധേയമായ പരിപാടിയാണ്.

എന്നാൽ സ്കൂൾ അന്തരീക്ഷത്തിൽ നിരവധി പരിപാടികൾ നടക്കുന്ന സ്ഥലത്ത് ഇക്കാര്യത്തിൽ ഡിപ്പാർട്ട്മെന്റിന് വേണ്ടത്ര ശ്രദ്ധ നൽകാൻ കഴിയാതെ പോകുന്നുണ്ടെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. പ്രാദേശികമായി നല്ല പിന്തുണ നൽകിയാൽപോലും ഡിപ്പാർട്ട്മെന്റ് മറ്റ് തരത്തിലുള്ള രീതിയിൽ അതിനുവേണ്ടത്ര ബോധവൽക്കരണം, സ്കൂൾ വിസിറ്റ് നടത്തൽ, അതിനോട് ബന്ധപ്പെട്ട് മറ്റ് കാര്യങ്ങളിൽ സഹായിക്കുന്നതിലൊക്കെ അൽപ്പം പിറകോട്ട് പോന്നുണ്ടോ എന്ന കാര്യം പരിശോധിക്കപ്പെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു പ്രധാന കാര്യം, ലഹരി മരുന്നുകൾ സ്മോൾ, മീഡിയം, കൊമേഴ്സ്യൽ എന്നൊക്കെ തരംതിരിക്കുന്നതുകൊണ്ടുതന്നെ കൈവശം വയ്ക്കുന്ന ആളുകൾ രക്ഷപ്പെട്ടുപോകുന്ന സ്ഥിതിയുണ്ട്. പല പ്രാവശ്യം പിടിക്കപ്പെട്ടാൽപോലും പ്രതികൾ രക്ഷപ്പെട്ട് പോകാതെ നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആ കാര്യം ഗൗരവമായി ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, രണ്ട് ചോദ്യങ്ങളാണ് അദ്ദേഹം ചോദിച്ചിട്ടുള്ളത്. വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങളിൽനിന്ന് പുറകോട്ട്

പോകുന്നോ എന്നൊരു ആശങ്ക അദ്ദേഹം പ്രകടിപ്പിച്ചു. ഒരു തരത്തിലും പുറകോട്ട് പോകുന്നില്ലെന്ന് മാത്രമല്ല കൂടുതൽ ശക്തമായ ഇടപെടലുകളാണ് നടത്തുന്നത്. ഞാൻ നേരത്തെ വിശദീകരിച്ച കാര്യങ്ങൾ ആവർത്തിക്കുന്നില്ല. അതിന് പുറമെ, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ പരിശോധനയും നിരീക്ഷണവും നടക്കുന്നുണ്ട്. സ്കൂൾ പരിസരങ്ങളിൽ രഹസ്യാന്വേഷണങ്ങൾക്കൊപ്പം മഫ്തി പട്രോളിംഗും ബൈക്ക് പട്രോളിംഗും സ്കൂളുകളിലെ ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പും ക്ലാസ് കഴിഞ്ഞ ശേഷവും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഓരോ എക്സൈസ് റേഞ്ച് പരിധിയിലെയും സ്കൂൾ കുട്ടികളുടെ യൂണിഫോം മനസ്സിലാക്കി സ്കൂൾ സമയത്ത് ഇത്തരം യൂണിഫോമിൽ കുട്ടികൾ ചുറ്റിക്കറങ്ങുന്നത് നിരീക്ഷിച്ച് അത് സ്കൂളുകൾ മുഖേന രക്ഷിതാക്കളെ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. വിമുക്തി പദ്ധതിയുടെ കാര്യങ്ങൾ ഞാൻ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചു. 5580-ഓളം ലഹരി വിമുക്ത ക്ലബുകൾ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ക്ലബുകളില്ലാത്ത സ്ഥലങ്ങളിൽ പുതിയ ക്ലബുകൾ രൂപീകരിച്ചും ക്ലബുകളുള്ളത് പുന:സംഘടിപ്പിച്ചുമുള്ള

പ്രവർത്തനമാണ് നടത്തുന്നത്. ഓരോ സ്കൂളിനും വിമുക്തി പ്രവർത്തനങ്ങൾക്കായി ഓരോ എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്ന കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. സ്കൂളുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കിയുള്ള മീറ്റിംഗുകൾ, ആ മീറ്റിംഗുകളിൽ കുട്ടികളുടെ ലഹരി ഉപയോഗം സംബന്ധിച്ച് വിവരങ്ങൾ, പരാതികൾ എന്നിവ അറിയിക്കാനും കൗൺസലിംഗ് സംബന്ധമായ വിവരങ്ങൾക്ക് ബന്ധപ്പെടാൻ മൊബൈൽ നമ്പറുകൾ നൽകികൊണ്ടിരിക്കുന്നുണ്ട്. ഇങ്ങനെ ഫലപ്രദമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്കൂൾ പരിസരങ്ങളിലെ കടകളിൽ ലഹരി ഉൽപ്പന്നങ്ങൾ, നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവ വിൽക്കുന്നത് സംബന്ധിച്ചുള്ള പരിശോധനകളും നടത്തിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന് രണ്ടാമത്തെ ചോദ്യം കൂടിയുണ്ടായിരുന്നു.

മി. സ്പീക്കർ: ചോദ്യം ഓർമ്മയില്ലെങ്കിൽ താങ്കൾ ഉത്തരം പറയണ്ട. ഒരു ചോദ്യമേ ചോദിക്കാൻ പാടുണ്ടായിരുന്നുള്ളൂ.

ശ്രീ. എം. ബി. രാജേഷ്: സർ, ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞു.

ശ്രീ. വാഴൂർ സോമൻ: സർ, ലഹരി വ്യാപനം തടയാൻ സർക്കാരും വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് അങ്ങും സ്വീകരിച്ചുവരുന്ന നടപടികളെ അങ്ങേയറ്റം പ്രശംസിക്കുകയാണ്. എന്റെ ചോദ്യം, ആധുനിക സാങ്കേതിക വിദ്യാ സഹായത്തോടെ പുതിയതരം ലഹരി വസ്തുക്കൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആധുനിക സാങ്കേതികവിദ്യ സൗകര്യങ്ങളും മാർഗങ്ങളുമുപയോഗിച്ച് മാരകമായ മയക്കുമരുന്നുകൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, എല്ലാ മാർഗങ്ങളും ലഹരിശൃംഖല ഉപയോഗപ്പെടുത്തുന്നുണ്ട്. ആധുനിക സാങ്കേതികവിദ്യയും സാമൂഹിക മാധ്യമങ്ങളിലെ കൂട്ടായ്മകളെയുമെല്ലാം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിലെല്ലാം നിരീക്ഷണം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം നേരിടാനുതകുന്ന തരത്തിൽ എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കാൻ കഴിഞ്ഞ മൂന്നര വർഷത്തിനിടയിൽ ഈ സർക്കാർ ശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസിന്റെ സൈബർ വിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്.

മാരക രാസലഹരികൾ synthetic drug കണ്ടെത്തുന്നതിനുള്ള കിറ്റുകൾ, ഉപകരണങ്ങൾ എന്നിവ ഈ കാലയളവിൽ എക്സൈസ് വകുപ്പിന് വാങ്ങി നൽകി പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ലഹരി ഉപയോഗിക്കുന്ന എല്ലാ മാർഗങ്ങളും തടയുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ഒക്ടോബർ 2 മുതൽ നവംബർ 14 വരെ ഒരു വലിയ കർമ്മപദ്ധതി നിയമസഭയിൽ പ്രഖ്യാപിച്ചു. അത് നിയമസഭാ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കി. കഴിഞ്ഞ മാസം എന്റെ നിയോജകമണ്ഡലത്തിൽ ഒരു കുട്ടി അയാളുടെ അമ്മയെയും അപ്പൂപ്പനെയും വെട്ടിക്കൊന്നു. ആ കുട്ടി മുറിയിൽനിന്നും പുറത്തേയ്ക്ക് ഇറങ്ങാറില്ലെന്നാണ് ഞാൻ ആ വീട്ടിൽ പോയപ്പോൾ അറിയാൻ കഴിഞ്ഞത്. അവന് പുറംലോകവുമായി ഒരു ബന്ധവുമില്ല. ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടത് കൊടുത്തില്ല എന്നതിന്റെ പേരിലാണ് അമ്മയെയും തടയാൻ പോയ അപ്പൂപ്പനെയും വെട്ടിക്കൊന്നത്. ഇപ്പോൾ അവൻ അവിടെനിന്നും രക്ഷപ്പെട്ടു.

പോലീസ് അന്വേഷണം നടത്തുന്നുണ്ടെങ്കിലും ഇതുവരെ പ്രതിയെ കിട്ടിയിട്ടില്ല. നമ്മൾ അരുത്... അരുത്...എന്ന് പറയുന്നതോടൊപ്പംതന്നെ... പണ്ട് പുറത്തുപോയി കളിക്കുന്നതിനാണ് വഴക്ക് പറയുന്നത്. എന്നാൽ ഇപ്പോൾ കുട്ടികളെ പുറത്തിറക്കാനാണ് പ്രയാസം. കുട്ടികളെ പോസിറ്റീവായി എൻഗേജ് ചെയ്യിപ്പിക്കുന്ന കൂടുതൽ പരിപാടികൾ കൊടുത്തുകൊണ്ട് ഒരു കാര്യം ചെയ്യരുതെന്ന് പറയുന്നതോടൊപ്പം എന്തൊക്കെ നല്ല കാര്യം ചെയ്യാം എന്ന് മനസ്സിലാക്കുന്നതിന് പലയിടങ്ങളിലായി അവരെ എൻഗേജ് ചെയ്യിപ്പിക്കാനുള്ള പദ്ധതികൾ മുമ്പ് പ്രഖ്യാപിച്ചതിന് തുടർച്ചയെന്ന നിലയിൽ വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പ്രദേശങ്ങളിലെ എം.എൽ.എ.-മാരുമായി ചേർന്ന് കൊണ്ടുവരുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, എനിക്ക് തോന്നുന്നു, അദ്ദേഹം തന്നെയാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപ നോട്ടീസിലൂടെ ഒരിക്കൽ ഈ വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നതും സമഗ്രമായി ഇതിനെ ചെറുക്കാനുള്ള നടപടികളുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പ്രഖ്യാപിച്ചതും. തുടർന്ന് കേരളത്തിൽ ഒറ്റക്കെട്ടായി ഈ പ്രവർത്തനങ്ങൾ നടക്കുന്നതിന്റെ ഭാഗമാണ് ഞാൻ നേരത്തെ വിശദീകരിച്ച കാര്യങ്ങളെല്ലാം. ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ചോദ്യത്തിലടങ്ങിയ ആശയം ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അത് കൂടുതൽ വ്യാപിപ്പിക്കുമോ വിപുലീകരിക്കുമോ എന്നതാണ് അദ്ദേഹത്തിന്റെ ചോദ്യം. തീർച്ചയായും അത് കൂടുതൽ വിപുലീകരിക്കും. സ്പോർട്സ് എന്നത് ലഹരിക്കെതിരെയുള്ള ഒരു പ്രധാന പ്രതിവിധിയാണെന്ന് ലോകം മുഴുവൻ പരീക്ഷിച്ച് വിജയിച്ച കാര്യമാണ്. ഇവിടെ 'വിമുക്തി' 'ഉണർവ് 'എന്നീ പദ്ധതികളുടെ കാര്യം ഞാൻ വിശദീകരിച്ചു.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ലഹരിവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയെന്ന് പറയുന്നത്, കേരളത്തിലെ എല്ലാ വീടുകളിലും വിദ്യാർഥികൾ മുഖാന്തരം ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളെ പങ്കാളികളാക്കുന്നതിനുവേണ്ടിയുള്ള

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർഥനപ്രകാരം എല്ലാ വീടുകളിലും എത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന വിവരം ഞാൻ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ദിവസം തോറും ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും വർദ്ധിച്ചുവരികയാണ്. 2,000 കോടി രൂപയുടെ കൊക്കെയ്ൻ പിടിച്ചുവെന്നും 5,000 കോടി രൂപയുടെ കൊക്കെയ്ൻ ഇനി പിടിക്കാനുണ്ടെന്നുമുള്ള വാർത്തകളാണ് രണ്ട് ദിവസംകൊണ്ട് കേൾക്കുന്നത്. ഇന്നലെയും മിനിഞ്ഞാന്നുമായി ലോക മാനസികാരോഗ്യദിന പരിപാടികൾ ആചരിച്ചിരുന്നു. അതിന്റെ ഭാഗമായി ഇന്നലെ കൂത്തുപറമ്പിൽ ഒരു പരിപാടി നടത്തിയിരുന്നു. അവിടത്തെ ക്രിസ്തുരാജ മെഡിക്കൽ സെന്ററിൽ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് മനസ്സിന് ആരോഗ്യം നൽകുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചു. കുട്ടികൾ നേരിട്ട് ലഹരിയിലേയ്ക്ക് കടക്കുമ്പോൾ ലഹരിയെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സ്പോർട്സിലൂടെയും മറ്റും മാനസികാരോഗ്യം നൽകുന്നതിനുള്ള പദ്ധതികൾ

മണ്ഡലതലത്തിലും പഞ്ചായത്ത്തലത്തിലും രൂപം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം പറഞ്ഞതുപോലെ, കേരളത്തിന് പുറത്തുനിന്നാണ് മയക്കുമരുന്നുകൾ വരുന്നത്. രാജ്യത്തിന് പുറത്തുനിന്നും വലിയ തോതിൽ വരുന്നുണ്ട്. പല തുറമുഖങ്ങളിലൂടെ ആയിരക്കണക്കിന് കോടി രൂപയുടെ മയക്കുമരുന്ന് പിടിച്ചതിന്റെ വാർത്തകളാണ് നാം കാണുന്നത്. ഇതിന്റെ ഉറവിടം കേരളത്തിന് പുറത്താണ്. കേരളത്തിലെ എക്സൈസ് വകുപ്പിന് ആ ഉറവിടം തേടി കേരളത്തിനുപുറത്ത് പോകുന്നതിന് പരിമിതികളുണ്ട്. മറ്റ് ഏജൻസികളുമായി സഹകരിച്ചുകൊണ്ടാണ് കേരളത്തിലെ എക്സൈസിന് ചെയ്യാൻ സാധിക്കുന്നത്. അടുത്ത ദിവസം വന്ന വാർത്ത സഭയിലെ എല്ലാവരുടെയും ശ്രദ്ധയിലുണ്ടാകും. ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ ജാമ്യം റദ്ദാക്കിയിട്ടുള്ള ഒരു കൊടുംകുറ്റവാളി, ഇന്ത്യയിൽ ഹാഷിഷ് ഓയിൽ നിർമ്മിക്കുന്നതിൽ വിദഗ്ധനായ ഒരു കൊടുംകുറ്റവാളിയെ കേരളത്തിലെ എക്സൈസ് കമ്മീഷണറുടെ സ്പെഷ്യൽ സ്ക്വാഡ് തമിഴ്നാട്ടിൽ പോയാണ് അറസ്റ്റ് ചെയ്തത്. അതിന് വലിയ വാർത്താ പ്രാധാന്യമുണ്ടായിരുന്നു.

ആ ശൃംഖലയുടെ വേരുകളുള്ളത് കേരളത്തിനുപുറത്താണ്. കഴിയാവുന്നത്ര നമ്മുടെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ആ വേരുകൾ തേടിപോകാനും കേരള എക്സൈസ് വകുപ്പ് ആൻഡമാനിൽ നടത്തിയിട്ടുള്ള ഓപ്പറേഷനെ സംബന്ധിച്ച് മുമ്പ് സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ആ നിലയിലുള്ള ഇടപെടലുകൾ നടക്കുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നേരത്തെ പറഞ്ഞിട്ടുണ്ട്. മാനസികാരോഗ്യം വർധിപ്പിക്കുന്നതിനുവേണ്ടി കുട്ടികളെ മറ്റുമേഖലകളിൽ എൻഗേജ് ചെയ്യിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. അതുസംബന്ധിച്ചാണ് ഇവിടെ വിശദീകരിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അത് കൂടുതൽ ശക്തിപ്പെടുത്തും. ഇതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇക്കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പും കാര്യമായ സംഭാവനകൾ നൽകുന്നുണ്ട്. കൂട്ടായ പരിശ്രമങ്ങളിലൂടെ ഈ പ്രവർത്തനങ്ങളെ കൂടുതൽ വിപുലീകരിക്കാം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ലഹരിക്കെതിരെ വളരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തിയിട്ടും ഇപ്പോഴും അത് വളരെ വ്യാപകമാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ പറയുന്നത് നൂറുശതമാനം ശാസ്ത്രീയമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. വിമുക്തി മുഖാന്തരം വിതരണം ചെയ്യുന്ന Buprenorphine എന്ന മരുന്ന് ലഹരിക്ക് അഡിറ്റാകുന്നവർക്ക് അഡിക്ഷൻ മാറുന്നതിനുവേണ്ടി നൽകുന്നതാണ്. പക്ഷെ ആ മരുന്ന് നൽകുന്നതിന് ശരിയായിട്ടുള്ള ഒരു സ്കീമോ അല്ലെങ്കിൽ രജിസ്റ്റേർഡായിട്ടുള്ള രോഗികളോ എത്ര നൽകുന്നുവെന്നതിന്റെ വിവരങ്ങളോ ഇല്ല. AIDS സൊസൈറ്റി വഴിയാണ് ആ മെഡിസിൻ നൽകുന്നത്. നിലവിൽ കണ്ടുവരുന്നത് ഈ മരുന്ന് ടാബ്‌ലറ്റായി കൊടുക്കുന്നതിനെ ഓറലായി കഴിക്കുന്നതിനുപകരം കുട്ടികളുൾപ്പെടെയുള്ളവർ അത് പൊടിച്ച് വെള്ളത്തിൽ മിക്സ് ചെയ്ത് സിറിഞ്ച് മുഖേനയാണ് ഉപയോഗിക്കുന്നത്. കാരണം അടുത്ത ദിവസങ്ങളിലായി ഞങ്ങൾ ഒരു സ്ഥലത്തുപോയി പരിശോധിച്ചപ്പോൾ അവിടെ ഒരു വീട്ടിൽ വ്യാപകമായി ഈ മരുന്നിന്റെ കവറുകളും സിറിഞ്ചുകളും കിടക്കുന്നത് കാണാൻ സാധിച്ചു.

അതുസംബന്ധിച്ച് കുട്ടികളോട് ചോദിച്ചപ്പോഴാണ് സിറിഞ്ച് ഉപയോഗിക്കുന്നത് മനസ്സിലായത്. മാത്രമല്ല, ഡി-അഡിക്ഷൻ സെന്ററിലെ മരുന്ന് ഉപയോഗിക്കുന്നവർക്കെല്ലാം ഹെപ്പറ്റൈറ്റിസ് ബി വ്യാപകമായി കാണുന്നത് ഈ മരുന്ന് ദുരുപയോഗം ചെയ്ത് ലഹരിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നത് കൊണ്ടാണ്. വിമുക്തി വഴി നൽകുന്ന ഈ മരുന്ന് കൃത്യമായും ഉത്തരവാദിത്വത്തോടെയും കൈകാര്യം ചെയ്യാൻ സാധിക്കുന്നുണ്ടോ; ഇതൊരു വീഴ്ചയായി പറയുന്നതല്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിനുതന്നെ നൂറുശതമാനം ഉറപ്പില്ലാത്ത ആധികാരികത ഉറപ്പുവരുത്താത്ത കാര്യമെന്ന് പറഞ്ഞുകൊണ്ടാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അക്കാര്യം കൂടുതൽ പരിശോധിച്ചശേഷം മാത്രമെ അതിനെക്കുറിച്ച് എനിക്ക് ആധികാരികമായി മറുപടി പറയാൻ സാധിക്കുകയുള്ളൂ. വിമുക്തി വഴി ഒരു മരുന്നും നൽകുന്നില്ല. വിമുക്തി കൗൺസലിംഗ് നൽകുന്നതിനുള്ള ഒരു സംവിധാനമാണ്. അക്കാര്യത്തിൽ വ്യക്തത വരുത്താൻ ആഗ്രഹിക്കുന്നു.

## കുടുംബശ്രീയുടെ സ്മാർട്ട് അഗ്രികൾച്ചർ പദ്ധതി

(*154) <u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക മേഖലയിൽ ഡ്രോൺ ഉപയോഗപ്പെടുത്തി സ്മാർട്ട് അഗ്രികൾച്ചർ എന്ന ആശയം പ്രാവർത്തികമാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; കുടുംബശ്രീ ഏതെല്ലാം സ്ഥാപനങ്ങളുമായി യോജിച്ചാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശം നൽകാമോ;

(സി) കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക രംഗത്ത് മെച്ചപ്പെട്ട ഉല്പാദനക്ഷമതയും തൊഴിലവസരങ്ങളും വരുമാനവും കൈവരിക്കാൻ കഴിയുംവിധം പ്രസ്തുത പദ്ധതി പുരോഗമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) പദ്ധതിയുമായി ബന്ധപ്പെട്ട് 49 കുടുംബശ്രീ അംഗങ്ങൾക്ക് ഡ്രോൺ പരിശീലനം പൂർത്തിയാക്കുകയും ഡ്രോൺ ലഭ്യമാക്കുകയും ചെയ്തു. ഡ്രോൺ ദീദിമാരും കാർഷിക യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച അംഗങ്ങളും ചേർന്ന് സ്മാർട്ട് ഫാമിംഗ് നടപ്പിലാക്കുന്നതിന് ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നുണ്ട്.

(ബി) കുടുംബശ്രീ അംഗങ്ങൾക്ക് ഡ്രോൺ ഉപയോഗിക്കുന്നതിന് കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിന്റെ (സി.റ്റി.സി.ആർ.ഐ.-ശ്രീകാര്യം) നേതൃത്വത്തിൽ പരിശീലനം നൽകി. കൂടാതെ ഡ്രോൺ ഉപയോഗിക്കുന്നതിന് കുടുംബശ്രീ അംഗങ്ങളെ സജ്ജരാക്കുന്നതിന് കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ (സി.റ്റി.സി.ആർ.ഐ.-ശ്രീകാര്യം) കേന്ദ്രത്തിലെ ഡ്രോൺ വിദഗ്ധരുടെ നേതൃത്വത്തിൽ ഹാൻഡ്ഹോൾഡ് സപ്പോർട്ട് നൽകിവരുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസുമായി

സംയോജിച്ച് സ്മാർട്ട് ഫാമിംഗ് രണ്ടാംഘട്ട പരിശീലന പരിപാടി 2024 ഒക്ടോബറിൽ ആരംഭിക്കുന്നുണ്ട്.

(സി) കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക രംഗത്ത് മെച്ചപ്പെട്ട ഉൽപാദനക്ഷമതയും തൊഴിലവസരവും വരുമാനവും കൈവരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി ആരംഭിച്ചിട്ട് ആറ് മാസം മാത്രമേ ആയിട്ടുള്ളൂ എങ്കിലും നിലവിൽ വരുമാനം ലഭ്യമായി തുടങ്ങിയിട്ടുണ്ട്. എറണാകുളം, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ കുടുംബശ്രീ ഡ്രോൺ പൈലറ്റുമാർ 2024 ജൂൺ മുതൽ തൊഴിലെടുക്കുന്നുണ്ട്. ഒരു ഏക്കർ ഡ്രോൺ ഉപയോഗിക്കുമ്പോൾ കിട്ടുന്ന വരുമാനം 500 രൂപ മുതൽ 700 രൂപ വരെയാണ്. അംഗങ്ങൾ ടി മേഖലയിൽ വളരെ പ്രൊഫഷണലായി മാറുന്ന മുറയ്ക്ക് കൂടുതൽ വരുമാനം ലഭ്യമാകുന്നതിനുള്ള അവസരങ്ങൾ നിലവിലുണ്ട്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ആർ.എം.ഇ., യുവശ്രീ എന്നീ കുടുംബശ്രീ പദ്ധതികൾകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നും ഇതിനനുസരിച്ച് ഏതെങ്കിലും സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വളർന്നുവരുന്ന സംരംഭകർക്ക് തുടർച്ചയായി മാർഗനിർദേശം നൽകുന്നതിനുവേണ്ടി രൂപകൽപ്പന ചെയ്ത ഒരു പിന്തുണ സംവിധാനമാണ് എം.ഇ.ആർ.സി. അതാണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന് ഞാൻ വിചാരിക്കുന്നത്. ധാരാളം പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഓരോന്നിന്റെയും വിശദാംശങ്ങളെ സംബന്ധിച്ച് പ്രത്യേകം ചോദ്യം ഉന്നയിച്ചാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ടി. എ. റഹീം: സർ, സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യം കുടുംബശ്രീ മുഖേന വലിയ രീതിയിൽ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തിക ശാക്തീകരണം എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തീർച്ചയായും. കുടുംബശ്രീയുടെ കഴിഞ്ഞ കാൽനൂറ്റാണ്ടിലേറെ കാലത്തെ പ്രവർത്തനംകൊണ്ട് സമഗ്രമായ തലങ്ങളിലുള്ള സ്ത്രീശാക്തീകരണം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക ശാക്തീകരണവും സാമൂഹിക ശാക്തീകരണവും രാഷ്ട്രീയ ശാക്തീകരണവും സാംസ്കാരിക ശാക്തീകരണവും കുടുംബശ്രീയിലൂടെ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. വലിയ

തോതിൽ സാമ്പത്തിക ശാക്തീകരണമില്ലാതെ എങ്ങനെയാണ് സ്ത്രീ ശാക്തീകരണം സാധ്യമാകുന്നത്. യഥാർഥത്തിൽ സ്ത്രീകളെ അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക് എത്തിക്കുകയെന്ന ആഹ്വാനം വലിയൊരളവിൽ നിറവേറ്റിയത് കുടുംബശ്രീ പ്രസ്ഥാനത്തിലൂടെയാണ്. സ്വന്തമായി വരുമാനമുണ്ടാക്കാനും സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്നതുമായ ധാരാളം പദ്ധതികളാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ളത്. അതിനുദാഹരണമാണ് ഹരിതകർമ്മ സേന. കുടുംബശ്രീയുടെ സബ്സിഡിയറിയായി സംരംഭക മാതൃകയിലാണ് അത് പ്രവർത്തിക്കുന്നത്. മുപ്പത്തിയാറായിരത്തോളം പേരാണ് കുടുംബശ്രീയിൽ ഹരിതകർമ്മ സേനാംഗങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വലിയ വരുമാനമുണ്ടാക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾവരെ അക്കൂട്ടത്തിലുണ്ട്. മറ്റൊന്ന്, കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനവും തൊഴിലും സൃഷ്ടിക്കാൻ സഹായിച്ചിട്ടുള്ള പദ്ധതിയാണ് ജനകീയ ഹോട്ടലുകൾ. നിലവിൽ പ്രീമിയം കഫെ, ഷീ സ്റ്റാർട്ട്സിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾ, കെ-ലിഫ്റ്റ് ക്യാമ്പയിൻ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. Kudumbashree Livelihood Initiative for

Transformation (K-LIFT)-ന്റെ ഭാഗമായി ഏതാണ്ട് മൂന്ന് ലക്ഷം ഉപജീവന പദ്ധതികൾ ആരംഭിക്കാനാണ് ഉദ്ദേശിച്ചത്. അതിന്റെ മൂന്നിലൊന്നോളം പദ്ധതികൾ നിലവിൽ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. 'കെ ഫോർ കെയർ' എന്ന പദ്ധതിയിലൂടെ കെയർ എക്കോണമിയുടെ മേഖലയിലേയ്ക്ക് കുടുംബശ്രീ കടന്നിരിക്കുകയാണ്. അഞ്ഞൂറിലധികം കെയർ എക്സിക്യൂട്ടീവുകളെ പരിശീലിപ്പിച്ച് രംഗത്തിറക്കാൻ സാധിച്ചിട്ടുണ്ട്. പരമ്പരാഗതമായിട്ടുള്ള മേഖലകൾക്കുപുറമെ പുതിയ മേഖലകളിലേയ്ക്കും കുടുംബശ്രീ സംരംഭകരായി കടന്നുവരുന്നതാണ് കാണുന്നത്. അതിലൂടെയെല്ലാം വരുമാനം വർധിപ്പിക്കാനും സാമ്പത്തിക ശാക്തീകരണത്തിനും സഹായിച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കൽ എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നെല്ലിന്റെ കാര്യത്തിൽ അത് സാധിക്കുകയില്ലെങ്കിലും പച്ചക്കറി, പാൽ, മുട്ട, ഇറച്ചി തുടങ്ങിയവയുടെ കാര്യത്തിൽ അത് ചെയ്യാൻ കഴിയും. വളരെ വിപുലമായ കുടുംബശ്രീ സംവിധാനം ഉപയോഗിച്ചുകൊണ്ട് ഇത്തരം കാര്യങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി തരിശ്ശുഭൂമി പൂർണ്ണമായും കൃഷി യോഗ്യമാക്കാൻ

പരിശ്രമിക്കേണ്ടതുണ്ട്. ഇത് ഭക്ഷ്യ പ്രശ്നം മാത്രമല്ല, ആരോഗ്യ പ്രശ്നംകൂടിയാണ്. Antimicrobial resistance എന്നത് ഇന്ന് ലോകം നേരിടുന്ന വലിയ വെല്ലുവിളിയാണ്. ഇതിന് കാരണമാകുന്നത് നമ്മൾ പുറത്തുനിന്നും വാങ്ങികൊണ്ടുവരുന്ന പച്ചക്കറികളിലെ കീടനാശിനികളും ആന്റിബയോട്ടിക്കുകളും ബ്രോയിലർ ചിക്കനടക്കം ഉപയോഗിക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങളാണ്. Antimicrobial resistance-നെതിരായി 2018 മുതൽ നല്ലൊരു പദ്ധതി ആരംഭിച്ചിട്ടും അതിനെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുമായി ചേർന്നുകൊണ്ട് ഒരു പൈലറ്റ് പദ്ധതി മാത്രമല്ല വളരെ വിപുലമായിട്ടുള്ള ഒരു പദ്ധതിയായി കൊണ്ടുവരാൻ സാധിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, കുടുംബശ്രീയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഏതാണ്ട് മൂന്നര ലക്ഷത്തോളം കുടുംബശ്രീ അംഗങ്ങളാണ് കൃഷിയിൽ പ്രവർത്തിക്കുന്നത്. ഈ ഓണക്കാലത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ 1250 ഏക്കറിൽ പൂകൃഷിയും

ഏതാണ്ട് ആറായിരത്തിലധികം ഏക്കറിൽ പച്ചക്കറി കൃഷിയും വിപുലമായിട്ടുള്ള ഓണ ഫെയറുകളും നടത്തുകയുണ്ടായി.

ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)